In 2032: N2

# THE GURUNATHAN

# ഗുരുനാഥൻ

L. No. 85/15—7—26.

| | | |
|---|---|---|
| പുസ്തകം 17 | 1113 ചിങ്ങം | ലക്കം 1 |


വിദ്യാദാനവിശിഷ്ടകൃത്യരതരാമദ്ധ്യാപകാനാം സദാ
വിദ്യാഽദാനഭരം വഹിച്ചുമരുവും വിദ്യാൎത്ഥിലോകത്തിനും
വിദ്യാലോലുപരായ മററു ജനസാമാന്യത്തിനും പത്ഥ്യമാം
വിദ്യാസങ്ഗ്രഹസമ്പുടോഽസ്തു ഗുരുനാഥോയം സഹായം ഭുവി.

## വിഷയവിവരം

1. സ്വന്തം പ്രസ്താവന ... 1
2. വിദ്യാലയങ്ങളും അദ്ധ്യയനസമയവും ... 3
3. ചലനചിത്രങ്ങൾക്കു് വിദ്യാഭ്യാസത്തിലുള്ള സ്ഥാനം ... 6
4. കൈരളിയുടെ വൈദേശികസ്വത്തു് ... 14
5. ചിന്താഗതി ... 17
6. 'സയൻസി'ലും കലാവിലാസം ... 19
7. ചില കാൎഷികകാൎയ്യങ്ങൾ ... 23
8. പത്രപാരായണവും അദ്ധ്യാപനവും ... 30
9. അക്ഷരത്തെററുകൾ ... 32
10. പുസ്തകാഭിപ്രായം ... 40
11. ഉദ്ധാരണം ... 47

# VI ഫാറം പാഠ്യപുസ്തകം

# ചിന്താസന്താനം ൬

(ആറാംഭാഗം)

വില ചക്രം 14.

മാനേജർ,

ഈശ്വരവിലാസം പുസ്തകശാല, വ: പറവൂർ.

## തയ്യാറായിരിക്കുന്നു

കുറച്ചു കാപ്പികൾ മാത്രം.

# ചിന്താസന്താനം

(ഏഴാംഭാഗം)

(ഗ്രന്ഥകർത്താ:- ആർ. ഈശ്വരപിള്ള ബി. എ.)

വില അണ 8.

ഈശ്വരവിലാസം പുസ്തകശാല, വ: പറവൂർ.

103856
Tm 2032 : N
G18

# ഗുരുനാഥൻ

പുസ്തകം 17 | 1113 ചിങ്ങം | ലക്കം 1

## സ്വന്തം പ്രസ്താവന

ഈ വത്സരാരംഭത്തോടുകൂടി 'ഗുരുനാഥൻ' യൗവനദശയിലേക്കു പ്രവേശിച്ചിരിക്കയാണ്. പല വിഷമതകളിൽനിന്നും ഗുരുനാഥൻ ഈ ഘട്ടത്തിൽ പ്രവേശിച്ചിരിക്കുന്നതു നോക്കുമ്പോൾ ഈ മാസികയ്ക്കു ഏറെക്കുറെ ആയുർബലം ഉണ്ടെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നാൽ വാസ്തവത്തിൽ അതിന്റെ ദുർദ്ദശ അവസാനിച്ചുവൊ എന്നു പറവാൻ നിവൃത്തികാണുന്നില്ല. എങ്കിലും അതിന്റെ സംരക്ഷകന്മാരുടേയും ബന്ധുക്കളുടേയും സ്ഥിരപരിശ്രമവും ആനുകൂല്യവും നിലനില്ക്കുന്നതായിരുന്നാൽ അതിന്റെ ഭാവി ശുഭോദർക്കമായി ഭവിക്കാനേ തരമുള്ളു. ഇവ രണ്ടും പൂർവ്വാധികം ഉണ്ടാകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. യൗവനപ്രായം—17-ാമത്തെ വയസ്സുവരെ സംരക്ഷിച്ച പ്രവർത്തകന്മാർക്കു കൃതാർത്ഥതയ്ക്കു അവകാശം ഉണ്ടെങ്കിലും ഈ പ്രായത്തിൽ ഞങ്ങളെ അല്പം വ്യാകുലപ്പെടുത്താതെയുമിരുന്നില്ല. അതെല്ലാം ചില ഗ്രഹനിലകളുടെ വ്യതിയാനത്തിൽ സാധാരണ സംഭവിക്കുന്നതാണെന്നു സമാധാനിക്കാനേ തരമുള്ളു.

ഗ്രഹപ്പിഴകൾ ഉണ്ടായിരുന്നാലും നാരായമേന്തിയവരായി അന്നും ഇന്നും പ്രവർത്തിച്ചുകൊണ്ടുവരുന്ന പ്രവർത്തകന്മാർ അധീരന്മാരായിട്ടില്ല. ഉററമിത്രങ്ങൾ അനുഗ്രഹദൃഷ്ടിയോടും സമീപത്തിൽ വർത്തിക്കുന്നു. ഏവംവിധേന പലവിധത്തിലുള്ള ആശാകിരണങ്ങളുടെ പ്രകാശപടലത്തെ അവലംബിച്ചാണ് ഗുരുനാഥൻ ഈ നവവത്സരത്തിൽ കാലെടുത്തുവയ്ക്കുന്നതു്. ഈ വത്സരവും ഗുരുനാഥനേയും നമ്മുടെ രാജ്യത്തേയും സംബന്ധിച്ചിടത്തോളം ശുഭപര്യവസായി ആയിരിക്കുമെന്നുതന്നെ ഞങ്ങൾ ബലമായി വിശ്വസിക്കുന്നു.

കഴിഞ്ഞ വത്സരം തിരുവിതാംകൂറിനെ സംബന്ധിച്ച് പല വിഷയത്തിലും സംഭവബഹുലമായി ഉണ്ടായിരുന്നു. രാഷ്ട്രീയലോകത്തിലും വിദ്യാഭ്യാസലോകത്തിലും സാമുദായികവിഷയത്തിലും തിരുവിതാംകൂർ പുരോഗമനപദ്ധതിയിൽ അഭൂതപൂൎവ്വമായി മുന്നോട്ടു കടന്നിട്ടുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്. ഹിന്ദുസമുദായത്തെ ആകമാനം ഒന്നുയൎത്തി അതിനെ അനേകകാലമായി ദുഷിപ്പിച്ചുകൊണ്ടിരുന്ന തീണ്ടൽ, തൊടീൽ മുതലായ മാലിന്യങ്ങളെ ഒന്നോടെ ധ്വംസിച്ച് അഖിലലോകപ്രശസ്തി സമ്പാദിച്ച ഒരു മഹനീയമായ തിരുവെഴുത്തുവിളംബരം ഉണ്ടായതു് കഴിഞ്ഞകൊല്ലത്തിൽതന്നെയാണ്. ഇതിന്റെ വ്യാപ്തിയും, പരിണാമഫലവും കാലാന്തരത്തിൽ മാത്രമെ പൂൎണ്ണമായി അനുഭവിക്കാൻ ഇടയുള്ളുവെങ്കിലും അതിന്റെ താല്ക്കാലികഫലം തന്നെ സമുദായത്തിൽ ഉൽക്കൎഷോന്മുഖമായ ഒരു വലിയ മാററം ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു.

വിദ്യാഭ്യാസലോകത്തിലാണെങ്കിൽ അവിടെയും ഒരു മഹത്തായ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നു. തിരുവിതാംകൂറിനു പ്രത്യേകമായി, ഏററവും അത്ഭുതനമായ ഒരു രീതിയിലും, രാജ്യത്തെ ബാധിച്ചിരിക്കുന്ന സാമ്പത്തികവിഷമതകളെ ഏറെക്കുറെ പരിഹരിക്കുന്നതും, പൗരസ്ത്യപാശ്ചാത്യകലകൾക്ക് പ്രാധാന്യം നൽകുന്നതും, സാങ്കേതികവും വ്യവസായപരവുമായ അഭിവൃദ്ധിയെ ലാക്കാക്കിയതും, വിവിധശാഖകളിൽ ഗവേഷണപരവും, കേരളസംസ്കാരം, കല ഇവയെ സംരക്ഷിക്കുന്നതും സൎവ്വോപരി വിജ്ഞാനപ്രദവും ആയ ഒരു സൎവ്വകലാശാല രൂപവൽക്കരിക്കാനുള്ള പ്രാരംഭനടപടികൾ എല്ലാം തുടങ്ങിയതും കഴിഞ്ഞകൊല്ലത്തിലാണ്. ഇതു ശ്രീവാഴുംകോടിന്റെ ഒരു ഭാഗ്യോദയമാണെന്നുള്ളതിൽ പക്ഷാന്തരമില്ല.

രാഷ്ട്രീയലോകത്തിലാണെങ്കിൽ നിയമസഭകളിൽ, ജനങ്ങൾക്കു കൂടുതൽ പ്രാതിനിധ്യം നൽകുന്നവിധം സമ്മതിദാനാവകാശം വിപുലമാക്കിയിരിക്കുന്നു. ഉദ്യോഗവിതരണം സംബന്ധിച്ചുണ്ടായിരുന്ന ന്യൂനതകളെ പരിഹരിക്കുന്നതിനായി ഒരു പബ്ലിക്ക്സർവ്വീസ്കമ്മീഷണരെ നിയമിച്ച് അദ്ദേഹത്തിന്റെ ശുപാൎശപ്രകാരം നിയമനങ്ങൾ നടത്തിവരുന്നു. ഗതാഗതസൌകൎയ്യം വൎദ്ധിപ്പിക്കുന്നതിനും ഗവൎമ്മെണ്ടിൽനിന്നും നേരിട്ടു പ്രവൎത്തിക്കുന്നതിനും ഏൎപ്പാടുകൾ ആരംഭിച്ചിരിക്കുന്നു.

ഇങ്ങനെ പല പരിഷ്കാരങ്ങളും നമ്മുടെ രാജ്യത്തു് അനുകൂലപരിതസ്ഥിതിയിൽ സമാരംഭിച്ചിരിക്കുന്നു. ഇപ്പോൾ ആരംഭിച്ചിരിക്കുന്ന വത്സരവും, ഈ വക പരിഷ്കാരങ്ങളുടെ ഫലപ്രാപ്തി ഏററക്കുറെ അനുഭവിച്ചറിയാറാകട്ടെ എന്നും നവീനപരിഷ്കാരങ്ങൾ യഥാമാർഗ്ഗം ഉണ്ടാകുമാറാകട്ടെ എന്നും ഞങ്ങൾ പ്രാർത്ഥിച്ചുകൊള്ളുന്നു.

മാസികയെ ആരംഭംമുതൽ സഹായിച്ചുസംരക്ഷിച്ചുവന്ന വന്ദ്യനായ ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകൾ, 'വാർദ്ധകേമുനിവൃത്തീനാം' എന്നു കവി പറയുന്ന രീതിയിൽ വർത്തിക്കുന്ന ഈ അവസരത്തിലും ഞങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു എന്നു് പ്രസ്താവിക്കാൻ ആണ്ടിലൊരിക്കൽ എങ്കിലും ലഭിക്കുന്ന ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. നിസ്വാർത്ഥമായി സഹായിക്കുന്ന വളരെ മാന്യന്മാർ വേറെയുമുണ്ടു്. അപ്രകാരമുള്ള പല പത്രബന്ധുക്കളും ഉണ്ടു്. മേൽപറഞ്ഞ എല്ലാവരോടും ഈ അവസരത്തിൽ ഹൃദയപൂർവ്വമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

അനേകകാലമായി വിദ്യാഭ്യാസവിഷയത്തിൽ പ്രവർത്തിച്ചുകൊണ്ടു വരുന്ന ഗുരുനാഥനും ഗവമ്മെൻറിൻേറയും അദ്ധ്യാപകലോകത്തിൻേറയും സഹായസഹകരണങ്ങൾ പൂർവ്വവൽസിദ്ധിക്കുന്നതായാൽ അതിൻെറ വിദ്യാഭ്യാസവിഷയകമായ ഗുണഫലങ്ങൾ വർദ്ധിച്ചു കൃതകൃത്യത പ്രാപിക്കുവാൻ കഴിവുണ്ടാകണമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ; എന്നല്ല, വിശ്വാസവും.

"മാർഗ്ഗാരബ്ധാഃസർവ്വയത്നാഃ ഫലന്തി"

# വിദ്യാലയങ്ങളും അദ്ധ്യയനസമയവും

(ആർ. ഈശ്വരപിള്ള ബി. എ.)

ഇപ്പോൾ വിദ്യാലയങ്ങളിൽ അദ്ധ്യയനം പൂർവ്വാഹ്നത്തിലും അപരാഹ്നത്തിലും കൂടി നടത്തിക്കൊണ്ടുവരുകയാണല്ലൊ. ഇതു വളരെക്കാലമായി നടന്നുവരുന്ന ഒരു ഏർപ്പാടുമാണ്. ഈ ഏർപ്പാടിൻെറ സൗകര്യാസൗകര്യങ്ങളെപ്പററി ഇതേവരെ അഭിപ്രായഭേദങ്ങൾ ഉണ്ടായിരുന്നതായി

കാണുന്നില്ല. എന്നാൽ ഈയിടെ ഈ ഏർപ്പാടിൽ അല്പം മാററം വരുത്തുന്നതു ഗുണകരമായിരിക്കുകയില്ലയോ എന്നു പലക്കും അഭിപ്രായമുള്ളതായി കാണുന്നു. വിദ്യാലയങ്ങളിലെ അദ്ധ്യയനം പൂർവ്വാഹ്നത്തിൽ മാത്രം നടത്തുകയും അപരാഹ്നം മുഴുവൻ അനദ്ധ്യായമായി വിനിയോഗിക്കുകയും ചെയ്താൽ സൗകര്യപ്രദമായിരിക്കുകയില്ലയോ എന്ന് ഒരഭിപ്രായം ചില ദിക്കിൽ ഉള്ളതായി കാണുന്നുണ്ട്. എന്നാൽ ഈ മാററത്തിൻെറ ഗുണദോഷങ്ങളെക്കുറിച്ചു അല്പം ചിന്തിക്കേണ്ടതാവശ്യമാണ്. പരീക്ഷണാൎത്ഥം ഈ മാററം ചില ദിക്കിലെല്ലാം നടപ്പിൽ വരുത്തുകയും കഴിഞ്ഞിട്ടുണ്ട്. പല സ്കൂളുകളിലും വിദ്യാൎത്ഥികളും അദ്ധ്യാപകന്മാരും ഈ മാററത്തെ ഉത്സാഹപൂർവ്വം സ്വാഗതം ചെയ്യുന്നതായും കാണുന്നുണ്ട്. ഇവർ ഇരുകൂട്ടരുടേയും സൗകര്യം മാത്രമല്ലാ, ഈ വിഷയത്തിൽ ഗണിക്കപ്പെടേണ്ടതു്. രക്ഷാകൎത്താക്കന്മാരുടെ സൗകര്യവും പ്രധാനമായി പരിഗണിക്കേണ്ടതാണ്. ഇതിനും പുറമേ പ്രധാനങ്ങളായ മൂന്നു കാൎയ്യങ്ങൾ നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതായുണ്ട്. അവ (1) വിദ്യാൎത്ഥികളുടെ ബുദ്ധിസംസ്കരണം. (2) അവരുടെ സ്വഭാവരൂപവൽക്കരണം. (3) അവരുടെ ആരോഗ്യം ഇവയാകുന്നു. "സൗകാൎയ്യം" എന്നുള്ളതു് ഇവയെ അപേക്ഷിച്ചു പ്രാധാന്യം കുറഞ്ഞ ഒന്നാണ്. ഇപ്പോൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള മാററം ഈ മൂന്നു സംഗതികളേയും എങ്ങനെ ബാധിക്കുന്നുവെന്നു നോക്കാം. പ്രാഥമികവിദ്യാലയങ്ങളിലെ അദ്ധ്യേതാക്കളുടെ സ്ഥിതിതന്നെ എടുക്കാം. ഏഴുമണിക്കു വിദ്യാലയങ്ങളിൽ ഹാജരായിരിക്കേണ്ടതുകൊണ്ടു് അതിനുമുമ്പ് കുളി മുതലായതു കഴിഞ്ഞു ഭക്ഷണം കഴിച്ചു തയ്യാറാകുന്നതിന് അധികംപേൎക്കും സാധിക്കുമോ എന്നു സംശയമാണ്. എല്ലാത്തരം രക്ഷാകൎത്താക്കന്മാൎക്കും ഇത്ര നേരത്തേ ഇതെല്ലാം സാധിച്ചുകൊടുക്കാൻ സാദ്ധ്യമായി വരുകയില്ല. തൽഫലമായി വിദ്യാൎത്ഥികൾ മിക്കവരും യാതൊരുവിധ ആഹാരവുംകൂടാതെ വിദ്യാലയങ്ങളിൽ പോകേണ്ടതായി വരുന്നു. ഇതു് അവരുടെ അഭ്യസനഫലത്തേയും ആരോഗ്യത്തേയും എങ്ങനെ ബാധിക്കുമെന്നു ഊഹിക്കാവുന്നതാണ്. മദ്ധ്യാഹ്നത്തിൽ തിരിച്ചു വന്നാൽ പിന്നെ അവരുടെ പ്രവൃത്തിയെ നിയന്ത്രിക്കുന്നതിനു രക്ഷാകൎത്താക്കന്മാർ അവരവരുടെ ജോലിക്കായി പുറത്തുപോയിരിക്കാനിടയുള്ളതുകൊണ്ടു ഗൃഹത്തിൽ ആളുണ്ടായിരിക്കുകയില്ല. അതുകൊണ്ടു് അവൎക്കു് ഒരുമാതിരി ദുസ്വാതന്ത്ര്യം ലഭിക്കുകയും തന്നിമിത്തം സ്വഭാവദൂഷ്യം സംഭവിക്കുകയും ചെയ്വാൻ ഇടയുണ്ട്. ഇതു് ആരോഗ്യത്തിനും സ്വഭാവസംസ്കരണത്തിനും ഹാനികരമായ ഒരു അനാശാസ്യപരിതസ്ഥിതിയെ സൃഷ്ടിക്കാൻ

എളുപ്പമുണ്ട്. ഈ പരിതസ്ഥിതിയിൽ അദ്ധ്യാപകൻെറ പ്രേരണാശക്തിയും ബലഹീനമായി ഭവിക്കാൻ ഇടയുണ്ട്.

മിഡിൽസ്കൂളുകളിലേയും ഹൈസ്കൂളുകളിലേയും വിദ്യാർത്ഥികളുടെ ഗതിയും ഏകദേശം ഇതുതന്നെ ആയിരിക്കും. അവക്ക് മൂന്നും നാലും നാഴിക നടക്കേണ്ടതായിവരുന്നതുകൊണ്ട് നേരത്തേ ആഹാരം കഴിക്കുകയെന്നുള്ളതു് ധനവാന്മാരുടേയോ മററോ കുട്ടികളൊഴിച്ചു കൃച്ഛ്റസാദ്ധ്യമായിരിക്കുവാനേ തരമുള്ളു. ഭക്ഷണമോ കാപ്പിയോ ഒന്നുംതന്നെ കഴിക്കാൻ മിക്കവെക്കും സൗകര്യപ്പെടുകയില്ല. പഴകിയ ഭക്ഷണം ഒരുപക്ഷെ ലഭിച്ചുവെന്നുവരാം. എന്നാൽ അതു ശരീരത്തിനും ബുദ്ധിക്കും ഹാനിയും മാന്ദ്യവും വരുത്താനിടയുണ്ട്. ഒരു പക്ഷേ വിദ്യാർത്ഥികളെ നിദ്രാവശഗരാക്കുന്നതിനും മതിയാകും. ഇവരുടെ വിഷയത്തിലും രക്ഷാകർത്താക്കന്മാരുടെ മേൽനോട്ടത്തിൻെറ അഭാവം ദോഷകരമായി പരിണമിക്കും. അനാശാസ്യമായ കൂട്ടുകുടി നടക്കാനും ഇങ്ങനെ സ്വഭാവത്തെ മലിനപ്പെടുത്തുവാനും സുദീർഘമായ ഈ അനദ്ധ്യായസമയം പ്രയോജനപ്പെടും. ദൂരെനിന്നു വരുന്ന വിദ്യാർത്ഥികൾക്കു മദ്ധ്യാഹ്നസമയത്തു മടങ്ങിപ്പോകുന്നതും വേനൽക്കാലത്തു വളരെ ക്ലേശാവഹമായിരിക്കും. കാളേജുവിദ്യാർത്ഥികൾക്ക് ഈ ഏർപ്പാടു ബാധകമായി ഭവിക്കാൻ ഇടയില്ല. അവരിൽ ഭൂരിപക്ഷവും കാളേജിനോടനുബന്ധിച്ചുള്ള വിദ്യാർത്ഥിവസതികളിൽ താമസക്കാരായിരിക്കും. ഇതിനും പുറമെ അവരുടെ പ്രായംകൊണ്ട് സ്വാതന്ത്ര്യബോധം ഉള്ളവരും ഉൽക്കർഷേച്ഛുക്കളും ആയതുകൊണ്ട് അവർ അപഥത്തിൽ ചരിക്കുമെന്നു വിചാരിപ്പാൻ തരമില്ല. വിദ്യാർത്ഥികൾ അനശനന്മാരായി നാലു മണിക്കൂർ ഒന്നിച്ചു തുടർച്ചയായി അദ്ധ്യയനം നടത്തുന്നതു് അവരുടെ മനസ്സിനും ശരീരത്തിനും അനഭിലഷണീയമായ ശ്രമമായിരിക്കും.

ഇനി ഈ ഏർപ്പാടുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാമാണെന്ന് ആലോചിക്കാം. പ്രഭാതത്തിനു മുമ്പ് ഉറക്കമുണരുന്നതും, പ്രാതസ്സ്നാനം ചെയ്യുന്നതും മനസ്സിനും ബുദ്ധിക്കും ഉന്മേഷജനകമാണെന്നുള്ള ഒരു ഗുണമുണ്ടെന്നു സമ്മതിക്കാം. പൂർവ്വാഹ്നത്തിലുള്ള അധ്യയനവും കൂടുതൽ ഫലപ്രദമായി ഭവിക്കുമെന്നു വിചാരിച്ചുവരുന്നു. മദ്ധ്യാഹ്നത്തിൽ വിദ്യാലയങ്ങൾ വിട്ടു പിരിയുന്നതുകൊണ്ടു നിയന്ത്രണാധീനന്മാരായ വിദ്യാർത്ഥികൾക്ക് രാത്രിയിൽ വിളക്കു വച്ചു പഠിക്കേണ്ട ആവശ്യം നേരിടുകയില്ല. ഗൃഹവ്യവസായം വല്ലതുമുണ്ടെങ്കിൽ മററുകുടുംബാംഗങ്ങളെ സഹായിക്കുന്നതിനും വിദ്യാർത്ഥികൾക്കു സാധിക്കുന്നതാണ്. എന്നാൽ ഈ

പറയുന്നവയൊന്നും വിദ്യാൎത്ഥികൾ സ്വയമേവ അനുഷ്ഠിക്കുമെന്നു വിചാരിക്കുവാൻ ന്യായമില്ല. ഇവിടേയും രക്ഷാകൎത്താക്കന്മാരുടെ പ്രചോദനവും നിയന്ത്രണവും അത്യാവശ്യമായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു് ഈ ഏൎപ്പാടിന്റെ ആശാസ്യതയും അനാശാസ്യതയും നിശ്ചയിക്കാൻ ചുമതലപ്പെട്ടവർ രക്ഷാകൎത്താക്കന്മാരാണു്. അദ്ധ്യാപകന്മാരും വിദ്യാൎത്ഥികളും അല്ല. ഇതിന്റെ ഗുണദോഷത്തെ പരീക്ഷിച്ചുനോക്കുന്നതും സൗകൎയ്യാസൗകൎയ്യത്തെ നിശ്ചയിക്കുന്നതും. തലസ്ഥാനത്തോ മററു പ്രധാനനഗരങ്ങളിലോ അല്ല വേണ്ടതു്. അവിടെയുള്ള രക്ഷാകൎത്താക്കന്മാൎക്കു് ഒരുപക്ഷെ എല്ലാററിനും സൗകൎയ്യമുണ്ടായേക്കാം. നാട്ടിൻപുറങ്ങളിലെ സ്ഥിതി ഇതിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. അതുകൊണ്ടു് ആദ്യമായി ഈ ഏൎപ്പാടു പരീക്ഷിച്ചുനോക്കേണ്ടതു് ഉൾനാട്ടുകളിലുള്ള വിദ്യാലയങ്ങളെ സംബന്ധിച്ചായിരിക്കണം. ഏതായാലും ഈ ഏൎപ്പാടു നടപ്പിൽ വരുത്തുന്നതു് ഇങ്ങനെയുള്ള പരീക്ഷണഫലം പ്രത്യക്ഷമായിക്കണ്ടതിനു മേൽ വേണ്ടതാണു്. അതല്ലാതെ കേവലം ഒരു പുതുമയ്ക്കുവേണ്ടി ഇങ്ങനെയുള്ള ഒരു മാററം വരുത്തുന്നതു് അനാശാസ്യമായിത്തന്നെയിരിക്കും. അതുകൊണ്ടു് വിദ്യാഭ്യാസധുരന്ധരന്മാർ ഈ വിഷയത്തിൽ മേല്പറഞ്ഞ സംഗതികളെ കൂടി പരിഗണിക്കുമെന്നു വിശ്വസിക്കുന്നു.

## ചലനചിത്രങ്ങൾക്കു് വിദ്യാഭ്യാസത്തിലുള്ള സ്ഥാനം

(നാലാങ്കൽ കൃഷ്ണപിള്ള എം. ഏ (Hons)., എൽ.ററി)

ബാലന്മാരുടേയും പ്രായംചെന്നവരുടേയും വിദ്യാഭ്യാസത്തിൽ ചലനചിത്രങ്ങൾക്കു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. നവീനവിദ്യാഭ്യാസവിചക്ഷണന്മാർ ഗഹനങ്ങളും രസശൂന്യങ്ങളുമായ വിഷയങ്ങൾപോലും വിദ്യാൎത്ഥികളിൽ ഉന്മേഷവും താല്പൎയ്യവും ജനിപ്പിച്ചു്, അവരിൽ വിലീനങ്ങളായിക്കിടക്കുന്ന ശക്തികളെ ഉണൎത്തി, എടുക്കണമെന്നു് ഐകകണ്ഠേന അഭിപ്രായപ്പെടുന്നു. അതിനാൽ ഇന്നു് പരിഷ്കൃതരാജ്യങ്ങളിലുള്ള

വിദ്യാലയങ്ങളിലെല്ലാം പാഠ്യവിഷയങ്ങൾ ജീവിതത്തോടു ഘടിപ്പിച്ച് അവയ്ക്കു യാഥാർത്ഥ്യം നൽകി, സജീവമായ രീതിയിൽ നടത്തുന്നതിനു പല ഉപകരണങ്ങളും നിർദ്ദേശങ്ങളും കൈക്കൊണ്ടിട്ടുണ്ട്. ഓരോ പാഠ്യവിഷയങ്ങളെ ആസ്പദമാക്കിയിട്ടുള്ള വസ്തുക്കൾ, അതേരീതിയിൽതന്നെ പ്രദർശിപ്പിക്കുന്നതിനു വൈഷമ്യം നേരിടുമ്പോൾ, പാഠങ്ങൾ ഏകദേശം സജീവമാക്കിത്തീർക്കേണ്ടുന്നതിനുവേണ്ടി, ചിത്രങ്ങൾ, പ്രതിമകൾ, മുതലായ പല നവീനോപകരണങ്ങൾക്കും ഇന്നത്തെ അഭ്യസനരീതിയിൽ അനിഷേധ്യമായ ഒരു സ്ഥാനം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഹൃദയങ്ങളിൽ സ്ഥായിയായും സ്ഥിരമായും ഒരു വിഷയം പതിയണമെങ്കിൽ, അതു് ഒരിന്ദ്രിയം മുഖേനമാത്രമായാൽ പലപ്പോഴും മതിയാകാതെ വരാം. അദ്ധ്യാപകന്മാർ പറയുന്നതു ശ്രദ്ധിച്ചുകേട്ടതുകൊണ്ടുമാത്രം മതിയാകയില്ല, പ്രത്യുത, നിവൃത്തിയുള്ളപക്ഷം പഠിപ്പിക്കുന്നവസ്തുക്കൾ വിദ്യാർത്ഥികൾ അവരുടെ കണ്ണുകൊണ്ടു കാണേണ്ടിയിരിക്കുന്നു. അതിനാൽ യഥാർത്ഥ പദാർത്ഥങ്ങൾ കാണിക്കാൻ വിഷമം നേരിടുമ്പോൾ, അദ്ധ്യാപനത്തിൽ ചിത്രങ്ങൾ, ഭൂപടങ്ങൾ, മോഡലുകൾ മുതലായവ തുലോം ഉപകാരപ്രദങ്ങളായിത്തീരുന്നു. എന്നാൽ ചിത്രങ്ങൾക്കും മോഡലുകൾക്കും ഒരു ദൂഷ്യമുള്ളതു്, അവകൾ, വിദ്യാർത്ഥികൾക്ക്, പഠിപ്പിക്കുന്ന സംഗതികളെക്കുറിച്ചു സൂക്ഷ്മവും സമഞ്ജസവും, സജീവവുമായ ഒരു ജ്ഞാനം വേണ്ടവിധം നൽകുന്നില്ലെന്നുള്ളതാണ്. അനക്കമില്ലാത്തതും, സംസാരിക്കാൻ പാടില്ലാത്തതും, ആയ സാമാന്യചിത്രങ്ങൾ ജീവിതാഹവത്തിലെ തിക്കും തിരക്കും, കാണിക്കുന്നതിനു കെല്പില്ല. എന്നു മാത്രമല്ല വലിപ്പം, അളവ് മുതലായ സംഗതികളെക്കുറിച്ചു തെററായ ധാരണകൾപോലും മാതൃകകൾ (Models) ബാലന്മാരുടെ മനസ്സിൽ അങ്കുരിപ്പിച്ചേക്കാം. തന്മൂലം ജീവിതത്തിന്റെ ശരിയായ ഒരു പ്രതിഫലനം നൽകുന്നതിനു്, ജീവനുള്ള വസ്തുക്കളുടെ വെറും രൂപം മാത്രമല്ല, അവകളുടെ ശരിയായ വലിപ്പം, ശബ്ദം, ചലനം മുതലായവ സവിശേഷം കാണിക്കുന്നതിനു ചലനചിത്രങ്ങൾക്കുള്ള യോഗ്യത അനപലപനീയമാകുന്നു. ഇന്നു സാധാരണമായി വിദ്യാലയങ്ങളിൽ ഉപയോഗിച്ചുവരുന്ന, ശബ്ദിക്കാത്തതും, അനങ്ങാത്തതും, ശരിയായതോതിൽ പ്രദർശിപ്പിക്കാൻ കഴിയാത്തതുമായ ചിത്രങ്ങളെ അപേക്ഷിച്ചു, വിദ്യാർത്ഥികളുടെ ബുദ്ധിയേയും ഭാവനയേയും സംസ്കരിപ്പിക്കുന്നതിനും, ഉത്തേജിപ്പിക്കുന്നതിനും, ജീവിതവും പാഠ്യവിഷയങ്ങളും തമ്മിലുള്ള പരസ്പരബന്ധത്തെ സ്ഫുടീകരിക്കുന്നതിനും ചലനചിത്രങ്ങൾ മാതൃകായോഗ്യങ്ങളാകുന്നു. കുട്ടികൾ എപ്പോഴും ഉന്മേഷമുള്ളവരും, വിനോദതല്പരന്മാരും, പുതിയസംഗതികൾ ഇഷ്ടപ്പെടുന്നവരുമാണെന്നു് നമു

ക്കെല്ലാവക്കം അറിയാമല്ലോ. യാതൊരു ജോലിയുമില്ലാതെ, നിശ്ചേഷ്ടമായ പാവകളെപ്പോലെ ഇരിക്കുകയെന്നുള്ളതു് അവക്കു് അസാദ്ധ്യമാണു്. ചലനചിത്രങ്ങളിൽക്കാണുന്ന മാറിമാറിവരുന്ന സംഭവങ്ങൾ, കാഴ്ചകൾ, ഇവ അവരിൽ ജിജ്ഞാസയും സന്തോഷവും വളൎത്തുകയും പാഠ്യവിഷയങ്ങളിൽ കൂടുതൽ പ്രീതി ഉളവാക്കുകയും ചെയ്യുന്നു. വെറും ചിത്രങ്ങൾക്കോ, മാതൃകകൾക്കോ ഇതിനു കഴിവില്ല. തുടൎച്ചയായുള്ള സംഭവങ്ങൾ, ആളുകളുടെ വൎത്തമാനം, സഞ്ചാരം മുതലായ സംഗതികൾ വിദ്യാൎത്ഥിഹൃദയങ്ങളെ ഹഠാൽ ആകൎഷിക്കുന്നതിനു പൎയ്യാപ്തങ്ങളാണു്. പുസ്തകങ്ങളിൽ വായിക്കുന്ന സംഗതികളോ അദ്ധ്യാപകന്മാർ ബോധിപ്പിക്കുന്ന വിഷയങ്ങളോ ഭാവനയിൽക്കാണുന്നതിനും, ആവക സംഗതികൾ ഓൎമ്മയിൽ നിലനിൎത്തുന്നതിനും ചിത്രങ്ങൾ ഏറക്കുറെ സഹായിക്കുന്നുണ്ടെന്നുള്ളതു് അനിഷേദ്ധ്യംതന്നെ. എന്നാൽ കേവലം പരിമിതമായ ഒരു പരിധിയുമായി മാത്രം പരിചയമുള്ളവരും, സാമാന്യസംഗതികളെക്കുറിച്ചുപോലും അംഗുലീപരിമിതമായ ജ്ഞാനം മാത്രമുള്ളവരുമായ ബാലവിദ്യാൎത്ഥികളിലും പ്രായം ചെന്നവരിലും അന്യദേശങ്ങളിലുള്ള ആളുകളേയും സംഭവങ്ങളേയുംകുറിച്ചു ബോധനം ചെയ്യിക്കുമ്പോൾ സാധാരണ വാങ്മുഖമായുള്ള വൎണ്ണനാചിത്രങ്ങൾ തലതാഴ്ത്തേണ്ടിവരുന്നു. അവൎക്കു സാംഹചൎയ്യമുള്ളതും ഇടപെട്ടിട്ടുള്ളതുമായ സംഗതികളെക്കുറിച്ചു ചിന്തിക്കുന്നതിനു മാത്രമേ കഴിയുന്നുള്ളു. ചിത്രങ്ങൾ അവരുടെ ഭാവനയ്ക്കു് ആഹാരമേകി പോഷിപ്പിക്കുകയും സംഭവങ്ങളും സംഗതികളും മനോനേത്രങ്ങളിൽക്കൂടികാണുന്നതിനു സഹായിക്കുകയും ചെയ്യുന്നു.

വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അസംഖ്യം വിഷയങ്ങൾ ചലനചിത്രങ്ങൾ മുഖേന നടത്തുവാൻ കഴിയുമെന്നു താഴെച്ചേൎക്കുന്ന സംഗതികൾ വിശദപ്പെടുത്തും.

ഭൂമിശാസ്ത്രം.

ഇന്നു് നമ്മുടെ മിക്കസ്കൂളുകളിലും ശരിയായി പഠിപ്പിക്കാത്തതും വിദ്യാൎത്ഥികളിൽ ഭീതിജനിപ്പിക്കുന്നതുമായ ഒരു വിഷയമത്രേ ഭൂമിശാസ്ത്രം.

കേവലം നിരുന്മേഷകരവും നീരസപ്രദവുമായ ചില പേരുകളും സംഗതികളും കുട്ടികളോടു് അദ്ധ്യാപകന്മാർ ഉരുവിട്ടു പഠിക്കുവാൻ കല്പിക്കുന്നു. പഠിക്കുന്ന സംഗതികളുടെ ആവശ്യം മനസ്സിലാകാതേയും അവയെപ്പററിയുള്ള ശരിയായ ബോധം ലഭിക്കാതേയും വെറുതെ ഉരുവിടുക എ

നുള്ളതു് ക്ലേശകരമായ ഒരു സംഗതിതന്നെ. ഉരുവിട്ടു പഠിക്കുകയെന്നുള്ളതു് അവരുടെ ഓർമ്മയെ പുഷ്ടിപ്പെടുത്തുന്നതിനും പഠിക്കുന്ന സംഗതികൾ പില്ക്കാലത്തെ ആവശ്യങ്ങൾ നിറവേററുന്നതിനും ഒരു പക്ഷേ പര്യാപ്തമായേക്കാം. എന്നാൽ അതോടുകൂടിത്തന്നെ ആവക വിഷയങ്ങളോടു ബാലന്മാർക്കു് ഒരു വൈരസ്യവും ജനിക്കുന്നു. സാധാരണ കുട്ടികൾക്കാക്കുംതന്നെ ഭൂമിശാസ്ത്രത്തിൽ വർണ്ണിക്കുന്ന സ്ഥലങ്ങൾ ചെന്നുകണ്ടു മനസ്സിലാക്കുന്നതിനു സാധിക്കയില്ലല്ലോ. വാസ്തവം പറയുകയാണെങ്കിൽ ഭൂമിശാസ്ത്രം പഠിപ്പിക്കുന്നതിന് ഉത്തമമായുള്ള രീതി അതാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിൻെറ ആദിമഘട്ടങ്ങളിൽ രസം നിമിത്തം സംഭവങ്ങൾ ഹൃദിസ്ഥിതമാക്കുന്നതിനു സഹായിച്ചാൽ ആവക വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കു് അഭിനിവേശം ഉത്ഭവിക്കുന്നതാണു്. ബാലന്മാർക്കു് അവരുടെ ചുററുപാടുമുള്ള സ്ഥലങ്ങളും മററും കാണുന്നതിനുപോലും സാധിക്കാതിരിക്കെ, ഭൂമിശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന സ്ഥലങ്ങളുടേയും വസ്തുക്കളുടേയും മററും കാഴ്ചകൾ ചിത്രങ്ങൾ മുഖേനയെങ്കിലും കണ്ടില്ലെങ്കിൽ, ആ പഠനംകൊണ്ടു് അവർക്കു വലിയ പ്രയോജനം ഉണ്ടാകുന്നില്ല. സഞ്ചാരികളുടേയും അത്ഭുതകരമായ കണ്ടുപിടുത്തങ്ങളുടേയും മററും കഥകൾ നാടകരൂപത്തിൽ അഭിനയിക്കുകയൊ, ചലനചിത്രംമുഖേന പ്രദർശിപ്പിക്കുകയൊ ചെയ്താൽ, അവ എന്നേയ്ക്കും മാഞ്ഞുപോകാത്ത രീതിയിൽ ബാലഹൃദയങ്ങളിൽ പതിയുന്നു. ഈ വിധത്തിൽ പല രാജ്യങ്ങളിലുമുള്ള പക്ഷിമൃഗാദികൾ, മനുഷ്യർ, പട്ടണങ്ങൾ, ഭൂപ്രകൃതികൾ, ആളുകളുടെ തൊഴിലുകൾ, വ്യവസായപ്രവർത്തനങ്ങൾ, വിനോദങ്ങൾ, ഉത്സവങ്ങൾ, ദേവാലയങ്ങൾ, ഭവനനിർമ്മാണരീതി, ഖനികൾ, ഗതാഗതസൗകര്യങ്ങൾ, വിദ്യാർത്ഥികൾ, വിദ്യാലയങ്ങൾ, മുതലായവ അത്യന്തം ഹൃദയാകർഷകമായ രീതിയിൽ ചലനചിത്രങ്ങൾകൊണ്ടു മനസ്സിലാക്കുവാൻ കഴിയും. തന്മൂലം നീരസകരങ്ങളായിക്കരുതുന്ന സംഗതികൾ രസപ്രദവും ആഹ്ലാദജനകവുമാക്കിത്തീർക്കാം. പലടത്തും കാണാപ്പാഠം പഠിക്കുന്നതിനെ ക്രമത്തിലധികം പ്രോത്സാഹിപ്പിക്കുകയും തന്മൂലം വിദ്യാർത്ഥികളുടെ മനസ്സിനെ വേണ്ടതിലധികം ക്ലേശിപ്പിക്കയും ചെയ്തുവരുന്നതായി കണ്ടുവരുന്നു. മല, പർവ്വതം, നദി, തടാകം, സമുദ്രം, സമതലം, മരുഭൂമി മുതലായവകളുടെ, വിവരണങ്ങൾ, അവകളെന്തെന്നു് ശരിയായ ബോധമില്ലാതെ കുട്ടികൾ കാണാതെ പഠിക്കുന്നു. കളിമണ്ണുകൊണ്ടുള്ള മോഡലുകളോ, ചിത്രങ്ങളോ ഈവക സംഗതികളെപ്പററി ശരിയായ ബോധം ഉളവാക്കുവാൻ ശക്തങ്ങളല്ല. ഈവക സംഗതികൾ മനസ്സിലാക്കുന്നതിന് ചലനചിത്രങ്ങൾ അത്യന്തം ഉപകാരപ്രദങ്ങളാണു്.

ചരിത്രം.

സാമാന്യവിദ്യാർത്ഥികളെ ഭയവിഹ്വലരാക്കുന്ന മറെറാരു വിഷയം ചരിത്രമാണ്. ചില സംഭവങ്ങളുടേയും, പേരുകളുടേയും തീയതികളുടേയും ഒരു മാലയായിട്ടാണ് ചരിത്രം പഠിപ്പിക്കുന്നതു്. ചലനചിത്രങ്ങളുടെ സഹായത്തോടുകൂടി പഠിപ്പിച്ചാൽ ഈ വിഷയം വളരെ രസമുള്ളതാണ്. ചരിത്രപരങ്ങളായ നല്ല നാടകങ്ങളും, കഥകളും ചലനചിത്രങ്ങളിൽ വരുത്താവുന്നതാണ്. വിശ്വവിഖ്യാതന്മാരായ ചരിത്രപുരുഷന്മാരുടെ ജീവിതത്തിലെ അപദാനങ്ങളും സംഭവസഹസ്രങ്ങളും, ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ, മഹാസമരങ്ങൾ, വിശ്രുതവിജയങ്ങൾ മുതലായവയും, ഓരോ രാഷ്ട്രങ്ങളുടെ വളർച്ചയും, തളർച്ചയും, സാമാന്യജനങ്ങളുടെ ഓരോ കാലഘട്ടത്തിലുള്ള ജീവിതരീതി, വിഷമങ്ങൾ, സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ, ആചാരങ്ങൾ, മതാനുഷ്ഠാനങ്ങൾ, യുദ്ധസാമഗ്രികൾ, വേഷധാരണവിധാനങ്ങൾ, ഗൃഹജീവിതം, തൊഴിലുകൾ, കലാവൈദഗ്ദ്ധ്യം, മുതലായ സംഗതികളും ചലനചിത്രങ്ങൾ മുഖേന മനോരഞ്ജകമാംവിധം പ്രദർശിപ്പിക്കുവാൻ സാധിക്കും. നമ്മുടെ തിരുവിതാംകൂർ ചരിത്രമെടുക്കുക. മാർത്താണ്ഡവർമ്മമഹാരാജാവിൻെറ—തിരുവിതാംകൂർ രാജ്യസ്ഥാപകനായ ആ സൽപുരുഷൻെറ—പല വിഷമഘട്ടങ്ങൾ, എട്ടുവീടരെ അമർച്ചചെയ്തതു്, വേഷം മാറിനടന്നതു്, അന്യദേശങ്ങൾ പിടിച്ചടക്കിയതു്, മുതലായ സ്മരണീയങ്ങളായ പല സംഭവങ്ങളും കേശവദാസൻ, വേലുത്തമ്പി മുതലായവരുടെ രാജ്യസേവനങ്ങളും ചലനചിത്രങ്ങൾ വഴിയായി എത്ര ഭംഗിയായി കാണിക്കുവാൻ കഴിയും. കഥകളിലും ചിത്രങ്ങളിലും കുട്ടികൾക്കുള്ള താല്പര്യത്തെ തന്മൂലം ശതഗുണീഭവിപ്പിക്കുന്നതിനും സാധിക്കുന്നു. ചരിത്രപരമായുള്ള അവരുടെ അറിവു് സജീവമാകുന്നതിനും, നിരൂപണബുദ്ധിയുടെ മഞ്ജുളങ്ങളായ അങ്കുരങ്ങൾ ചെറുപ്പംമുതൽക്കേ ഉളവാകുന്നതിനും അതു സഹായിക്കുന്നു. മാതൃകായോഗ്യങ്ങളായ ചലനചിത്രങ്ങൾവഴി, ലോകത്തിൻെറ അസ്ഥിരതയേയും, ഭാഗ്യചക്രത്തിൻെറ അത്ഭുതാവഹമായ ഭ്രമണത്തേയും, സാമ്രാജ്യമോഹംനിമിത്തം ചോര ചൊരിയുന്നതിൻെറ അർത്ഥമില്ലായ്മയേയും, ലോകമഹാപുരുഷന്മാരുടെ ഹൃദയം തകർക്കുന്ന ജീവിതസംഭവങ്ങളേയും അവരുടെ സ്വഭാവവൈശിഷ്ട്യത്തേയും, തെററുകളേയും കുറവുകളേയും, ത്യാഗങ്ങളേയും, കഠിനപ്രവൃത്തികളേയും, അവരുടെ അധഃപതനത്തിനുള്ള കാരണങ്ങളേയും വിശദപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ വിവേചനാശക്തി വളർത്തുന്നതിനും സാധിക്കുന്നതാണ്.

ചരിത്രം ഇന്നും ഭാവിയുടെ ഒരു വെറും ശിശുമാത്രമാകയാൽ, ഇന്നു നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾക്ക് അതിപ്രധാനമായ ഒരു സ്ഥാനം നൽകേണ്ടതാണ്. ഇന്നു നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ മനസ്സിലാക്കുന്നതിനു വിദ്യാർത്ഥികളെ സഹായിക്കുക എന്നുള്ളതാണ് ചരിത്രപഠനത്തിന്റെ ഒരു പ്രധാനമായ ഉദ്ദേശം. അല്ലെങ്കിൽ വിദ്യാലയജീവിതം വിദ്യാർത്ഥികളെ ജീവിതത്തിലുള്ള യഥാർത്ഥപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനു സഹായിക്കുന്നില്ല. വിദ്യാഭ്യാസത്തിന്റെ മുഖ്യോദ്ദേശം വിദ്യാർത്ഥികളുടെ വീക്ഷണകോണത്തേയും ഹൃദയചക്രവാളത്തെയും വിപുലപ്പെടുത്തണമെന്നുള്ളതാണ്. അവർ ഒരിക്കലും തങ്ങളുടെ ചുററുപാടുമുള്ളതും, വിപുലമായ വിശ്വത്തിൽ അടിക്കടി നടക്കുന്നതും ആയ സംഭവങ്ങൾ അറിയാതെ ഇരിക്കരുത്. അതിനാൽ പരീക്ഷയ്ക്കുവെച്ചിട്ടുള്ള പുസ്തകങ്ങൾ മാത്രം വിദ്യാർത്ഥികൾ ചർവ്വണംചെയ്യുന്നതുകൊണ്ടു മതിയാകുന്നില്ല. ഇന്നത്തെ ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന പല പ്രധാനസംഭവങ്ങളും മനസ്സിലാക്കുന്നതിനു സിനിമാ സഹായിക്കുകയും, പത്രങ്ങളിൽ വായിക്കുന്ന വാർത്തകൾ കൂടുതൽ സജീവമാക്കി മനസ്സിലാക്കുന്നതിന് ഇടകൊടുക്കുകയും ചെയ്യുന്നു. ഇന്നു ലോകത്തിൽ നടക്കുന്ന ആധുനികകണ്ടുപിടുത്തങ്ങൾ, സമരസന്നാഹങ്ങൾ, രാഷ്ട്രീയസംഗതികൾ മുതലായവ തദ്വാരാ കുട്ടികൾ മനസ്സിലാക്കുകയും "ഇന്നലെയും ഇന്നും നാളെയു"മായുള്ള പരസ്പരബന്ധം സ്ഫുടീകരിക്കുകയും ചെയ്യുന്നതിന് ഇടംകൊടുക്കുന്നു.

## പ്രകൃതിപാഠം.

തിര്യക്ക്‌യോനികളെക്കുറിച്ചും സസ്യശാസ്ത്രസംബന്ധമായ സംഗതികളെക്കുറിച്ചുമുള്ള വിഷയങ്ങൾ പഠിപ്പിക്കുന്നതിൽ ചലനചിത്രങ്ങൾക്കുള്ള സ്ഥാനം എന്തെന്നു പരിശോധിക്കാം. പക്ഷിമൃഗാദികൾ, അവയുടെ ഘടനാവൈചിത്ര്യം, അവയവങ്ങൾ മുതലായവയും പലതരത്തിലുള്ള സസ്യങ്ങൾ, അവ വളർത്തേണ്ട രീതികൾ, ഓരോകാലങ്ങളിലുള്ള വിളവുകൾ, പുതിയതരം വളങ്ങൾ, കൃഷികോപകരണങ്ങൾ, കൊയ്ത്ത്, മെതി മുതലായ സംഗതികൾ പട്ടണങ്ങളിൽ കൃഷിമുതലായ സംഗതികളെപ്പററി അറിവില്ലാത്ത വിദ്യാർത്ഥികളെ പ്രത്യേകിച്ചും മനസ്സിലാക്കുന്നതിന് ചലനചിത്രങ്ങൾക്കു സാധിക്കുന്നതാണ്. കുട്ടികൾക്കു തദ്വാരാ പ്രകൃതിയുമായുള്ള സഖ്യം ദൃഢപ്പെടുന്നു; ഗ്രാമജീവിതത്തെപ്പററിയുള്ള വൈരസ്യത്തിന്റെ വേരു മുറിക്കുന്നു; പ്രകൃതിയും ജീവിതവും തമ്മിലുള്ള ബന്ധം മനസ്സിലാകുന്നു. കാട്ടരുവികളിലും കാട്ടുപൂക്കളിലും ഈശ്വരചൈതന്യം അവർ ദർശിക്കുന്നു. "ഉപാസ്യയായുള്ളതിലും ഉപാസ്യ" പ്രകൃതിദേവിയാണെന്നു ഗ്രഹിക്കുന്നു.

ആരോഗ്യശാസ്ത്രം.

ആരോഗ്യസംബന്ധമായ വിജ്ഞാനം വിദ്യാർത്ഥികളിൽ വിതരണംചെയ്യുന്നതിനും ചലനചിത്രപ്രദർശനങ്ങൾ അത്യന്തം സമീചീനങ്ങളാണ്. രോഗങ്ങൾ ഉണ്ടാകുന്ന കാരണങ്ങൾ, അവ പകരുന്ന വിധങ്ങൾ, നിവാരണമാർഗ്ഗങ്ങൾ, ആരോഗ്യപരമായി ജീവിക്കേണ്ടതിന്റെ ആവശ്യകത, ആരോഗ്യത്തിന് ഹാനികരങ്ങളായ ശീലങ്ങൾ, തടയേണ്ടുന്ന വിധങ്ങൾ മുതലായവ വിദ്യാർത്ഥികളേയും പ്രായംചെന്നവരേയും ചലനചിത്രംവഴി നല്ലവണ്ണം മനസ്സിലാക്കാവുന്നതാണ്.

സന്മാർഗ്ഗജീവിതം.

സന്മാർഗ്ഗജീവിതപരമായ അറിവുകൾ നൽകുന്നതിനും സിനിമ, ഒരു ഒന്നാന്തരംമാർഗ്ഗമത്രേ. വെറും പ്രസംഗംകൊണ്ടോ, ഉപദേശങ്ങൾകൊണ്ടോ സാധിക്കാവുന്നതിൽ നൂറിരട്ടി ഫലം ഈവക പ്രദർശനങ്ങൾകൊണ്ടു സാധിക്കാവുന്നതാണ്. സിനിമാ മുഖാന്തരമായി ഈവക സംഗതികൾ കാണുമ്പോൾ, അവ വിദ്യാർത്ഥികളിലും യുവാക്കളിലും "മറവിമാർഗ്ഗിലും മായാത്തമാതിരി" അവരുടെ ഹൃദയവേദികളിൽ സ്ഥലംപിടിക്കുന്നു. സന്മാർഗ്ഗജീവിതത്തിലെ ആദർശങ്ങളും നടപടികളും സന്മാർഗ്ഗജീവിതത്തിന്റെ ആവശ്യകതയേയും അതു മനസ്സിലാക്കുന്നു. തന്മൂലം ഈശ്വരഭക്തി, ഗുരുഭക്തി, സത്യം തുടങ്ങിയ വിശിഷ്ടഗുണങ്ങളുടെ വൈശിഷ്ട്യത്തേയും, തിന്മയുടെമേൽ നന്മക്കുള്ള വിജയത്തേയും, ഹൃദയശുദ്ധി, ഭൂതദയ മുതലായ സൽഗുണങ്ങളുടെ വിശ്വാവശ്യതയേയും ബാലന്മാരിൽ മാത്രമല്ല, പ്രായംചെന്നവരിലും ഉളവാക്കുന്നതിനും ഏതദ്വിഷയങ്ങളെ അധികരിച്ചുള്ള ചലനചിത്രങ്ങൾ പ്രേരകങ്ങളായിഭവിക്കുന്നു. അനാചാരങ്ങളും ദുരാചാരങ്ങളും നശിപ്പിക്കുന്നതിനും, സമുദായത്തിന്റേയും രാഷ്ട്രത്തിന്റേയും വളർച്ചയ്ക്ക് പ്രതിബന്ധങ്ങളായിനിൽക്കുന്ന അന്ധവിശ്വാസങ്ങളെ അകററി, ശരിയായ സന്മാർഗ്ഗബോധം ആളുകളിൽ ഉളവാക്കി, അവരെ ഒന്നാന്തരം പൗരന്മാരാക്കിത്തീർക്കുന്നതിനും ചലനചിത്രങ്ങൾ അദ്വിതീയമായ ഒരു സ്ഥാനം വഹിക്കുമെന്നു മേൽ വിവരിച്ച സംഗതികൾ തെളിയിക്കുന്നു.

ഗ്രാമീണപുനരുദ്ധാരണം.

ഗ്രാമീണപുനരുദ്ധാരണം, പ്രായംചെന്നവരുടെ വിദ്യാഭ്യാസം ഇവകളിലും സിനിമായ്ക്ക് സ്പൃഹണീയമായ ഒരു സ്ഥാനമുണ്ട്. ഒരു മാതൃകാഗ്രാമം ഏതുവിധത്തിലാണെന്നുള്ള ചിത്രം സിനിമാവഴി സാമാന്യജനങ്ങ

ളെ മനസ്സിലാക്കാവുന്നതാണ്. നവീനരീതിയിലുള്ള കൃഷി, വളങ്ങൾ, കന്നുകാലിവളർത്തൽ, തേനീച്ചവളർത്തൽ, കോഴിവളർത്തൽ, മുതലായവകളും കുടിൽവ്യവസായം, ആരോഗ്യപരമായ ജീവിതരീതി, മുതലായവയും സിനിമാവഴി പ്രദർശിപ്പിക്കാവുന്നതാണ്. ഇപ്രകാരം ഗ്രാമീണജനങ്ങളെ, വിഷമം കൂടാതെയും അവൎക്കു് രസകരമായ രീതിയിലും പല ഉപയോഗപ്രദങ്ങളായ തത്വങ്ങൾ മനസ്സിലാക്കാൻ സാധിക്കും. അവർ സ്വഭവനത്തിലും മററും മദ്യശാലകളിലും ചൂതുകളികളിലും കാലം കഴിക്കാതെ, ഉന്മേഷപ്രദമായി വിശ്രമാവസരങ്ങൾ ഉപയോഗിക്കുന്നതിനും ഇടയാകുന്നു.

മേൽ വിവരിച്ച സംഗതികളിൽനിന്നും ചലനചിത്രങ്ങൾക്കു വിദ്യാഭ്യാസപരമായുള്ള പ്രാധാന്യം വിശദപ്പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. രാഷ്ട്രത്തേയും സമുദായത്തേയും അജ്ഞതയുടേയും അന്ധകാരത്തിൻെറയും ശൃംഖലകളിൽനിന്നും വിമോചിപ്പിച്ചു്, ജനസഞ്ചയത്തിൻെറ ബുദ്ധിപരമായും സന്മാൎഗ്ഗപരമായുമുള്ള ഹൃദയചക്രവാളത്തെ വിപുലമാക്കുന്നതിനും, ചലനചിത്രങ്ങൾക്കും നടനരംഗങ്ങൾക്കുമുള്ള കഴിവുകൾ ചില്ലറയല്ല. എന്നാൽ വിദ്യാൎത്ഥികൾക്കും, വിദ്യാഭ്യാസമില്ലാത്ത പ്രായംചെന്നവൎക്കും അറിവുകൊടുക്കുന്ന നല്ല ചലനചിത്രങ്ങൾ വളരെ ചുരുക്കമേയുള്ളുവെന്നും സവ്യസനം സമ്മതിക്കേണ്ടിയിരിക്കുന്നു. അതിനാൽ പ്രസ്തുത വിഷയത്തിൽ, വിദ്യാഭ്യാസവിശാരദന്മാരുടേയും ഫിലിംനിൎമ്മാതാക്കളുടേയും ശ്രദ്ധ പതിയുന്നതിനുള്ള സമയം ആസന്നമായിരിക്കുന്നു. ഇപ്രകാരമുള്ള പദ്ധതിക്കു് ആദ്യം വളരെ ക്ലേശവും ധനവ്യയവുമുണ്ടായേക്കാം. അതിൻെറ പ്രതിഫലം സന്മാൎഗ്ഗികളും വിദ്യാസമ്പന്നന്മാരുമായ പൌരന്മാരെ ഉളവാക്കി എന്നുള്ള ചാരിതാൎത്ഥ്യമാണ്. മററുള്ളവരുടെ നിർബന്ധംകൂടാതെ, അവരവൎക്കു രസിക്കുന്ന രീതിയിൽ പഠിപ്പിക്കുകയാണല്ലോ ഏററവും എളുപ്പമായ രീതിയിലുള്ള വിദ്യാഭ്യാസം. ചലനചിത്രങ്ങൾക്കു നിസ്സാരം ഇതു സാധിക്കാവുന്നതാണ്. പഠിത്തം അവൎക്കു് "ബോറായി"ത്തോന്നുകയില്ല. പ്രത്യുത രസകരവും ഉന്മേഷപ്രദവുമായിരിക്കും. ബെട്രാൻഡ്റസ്സൽ പറയുന്നതു നോക്കുക:—

"നിരുന്മേഷകരവും നീരസപ്രദവുമായുള്ള അറിവുകൊണ്ടു് വലിയ പ്രയോജനമില്ല. എന്നാൽ സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി കൈക്കൊള്ളുന്ന വിജ്ഞാനശകലം ഒരു യഥാൎത്ഥ സമ്പാദ്യംതന്നെയാണ്."

അതിനാൽ ശുഷ്കങ്ങളായ പുസ്തകത്താളുകളിൽനിന്നും ലഭിക്കുന്ന അറിവിനേക്കാൾ, ചലനചിത്രംവഴി ലഭിക്കുന്ന വിജ്ഞാനശകലങ്ങൾ, തുലോം ഹൃദയാകൎഷങ്ങളും, മറവിയിൽ മായാത്തതും, യഥാൎത്ഥ്യമുള്ളതുമാണെന്നും അനായാസേന ആൎക്കും ഗ്രഹിക്കാവുന്നതാണ്.

# കൈരളിയുടെ വൈദേശികസമ്പത്ത്

(തുടർച്ച)

[വിദ്വാൻ വൈ. നാരായണയ്യർ.]

ജോടി—മിഥുനം, ദ്വയം എന്നീ അർത്ഥത്തിൽ ജോഡ് എന്ന് ഉത്തരഇൻഡ്യൻഭാഷയിൽ ഒരു പദമുണ്ട്. അതാണ് ഭാഷയിൽ 'ജോടി' രൂപം ധരിച്ചത്. 'ജോഡി' എന്നെഴുതുന്നതു കുറേക്കൂടി യോജിച്ചിരിക്കും. 'യുഗളം' യജയോരഭേദം, ഡലയോരഭേദം ഈ ന്യായങ്ങളാൽ ജുഗഡം—ജുഗഡ് എന്നു മാറുകയും 'ജോഡ്' എന്നു ചുരുങ്ങുകയും ചെയ്തു.

രാജി—സമ്മതം എന്നർത്ഥമായ അറബിവാക്കിന്റെ തത്സമരൂപമാണ്. 'പരസ്പരരാജി' എന്ന സമസ്തപദത്തിൽ അർത്ഥം മൂലത്തോടു യോജിക്കുന്നു. 'ജോലി രാജികൊടുക്കു'ന്നതിൽ, പിരിയുക സമ്മതമാണ് എന്നയർത്ഥത്തിൽ 'രാജി' നിലകൊള്ളുന്നു.

ഉറുമാൽ—പെർഷ്യൻ പദമായ 'റുമാൽ', റുപ്പിക ഉറുപ്പികയായപോലെ—തമിഴിൽ 'രൂപാ' ഉരുവയായപോലെ—മലയാളത്തിൽ ഉറുമാൽ ആയി. മൂലത്തിലെ അർത്ഥം തോർത്തുമുണ്ട് എന്നാണ്.

ലോട്ടാ—ടംബ്ളർ, കപ്പ് എന്നർത്ഥമുള്ള 'ലോടാ' ഹിന്തിയിലും മററും നടപ്പുണ്ട്. തെക്കൻ മലയാളികൾ ഈ പദം സാധാരണയുപയോഗിക്കുന്നു.

ലാത്തി—നിസ്സഹകരണപ്രസ്ഥാനം വന്നതോടുകൂടി 'ലാത്തി'യുടെ ആസ്വാദനം മലയാളികൾക്കും കിട്ടി. 'ലാഠീ' എന്നു ഉത്തരഇൻഡ്യയിൽ കമ്പു് എന്നർത്ഥം.

ചിമിട്ടാ—ചവണ, കൊടിൽ എന്ന ഉപകരണം തെക്കൻദേശത്തു ഈ പദം നടപ്പുണ്ട്. 'ചിമ്ടാ' എന്നു ഉത്തരഇൻഡ്യയിൽ.

സവാരി—പെർഷ്യൻവാക്കിന്റെ തത്സമം കുതിരപ്പുറത്തുള്ള. യാത്ര എന്ന മൂലാർത്ഥം. ഭാഷയിലും ഒരുകാലത്തു ഇതുതന്നെയായിരുന്നു അർത്ഥം. ഇപ്പോൾ Evening Walk-കൂടി സായന്തനസവാരിയായ്ത്തീൎന്നു.

ശിക്കാർ—മൃഗയാർത്ഥകമായ പേർഷ്യൻപദമാണു് 'ശികാർ'. അതു് വടക്കൻവഴി 'ശിക്കാർ" ആയി. ശ-ഷ-സ കൾക്കു ഉത്തരഇൻഡ്യയിൽ പരസ്പരവിനിമയമുണ്ടു്. അതുകൊണ്ടു് ഷിക്കാരും ആകും.

സബാഷ്—ഭേഷ്, കൊള്ളാം—എന്നമാതിരിയുള്ള പ്രശംസാവാക്യം. 'സാബാഷ്' എന്നു് പേർഷ്യൻമൂലപദം.

ബാക്കി—അറബുഭാഷയിലെ രൂപം 'ബാകീ' എന്നു കാണുന്നു. അതു ഭാഷയിൽ ബാക്കിയുമായി.

ബന്തർ—പേർഷ്യൻവാക്കു് ബന്ദർ. തുറമുഖം എന്നർത്ഥം. 'തുറമുഖം'തന്നെ എങ്ങനെവന്നു എന്നാണു സംശയം. അതു് ആലോചനാവിഷയമാണു്.

പരാപരം—പരാപരപ്പൊരുൾ എന്ന ഈശ്വരനാമവുമായി ഇതിനു ബന്ധമില്ല. 'പരാപരം ഒന്നരമൈൽ വരും' എന്നു മദ്ധ്യതിരുവിതാംകൂറിൽ പറയാറുണ്ടു്. ഹിന്ദിയുടെ പ്രചാരത്തോടുകൂടി 'ബരാബർ' ദ്രാവിഡച്ഛായ കൈക്കൊണ്ടതാണു് 'പരാപരം.' ഉദ്ദേശം, ഏകദേശം എന്നർത്ഥം. അർത്ഥം തെറ്റിച്ചു് സൂക്ഷ്മം—കൃത്യം—കണിശം എന്നർത്ഥത്തിലും ചിലർ പ്രയോഗിക്കുന്നു.*

വൈയിട്ടു്—സായങ്കാലം എന്നർത്ഥത്തിൽ വ്യവഹരിക്കുന്നു. 'വൈകുക' എന്ന ധാതുവിൽനിന്നും വന്നതായിരിക്കാം. 'വൈയുഷ്ടം.' എന്നൊരു സംസ്കൃതപദമുണ്ടു്; പ്രഭാതമെന്നാണർത്ഥം. പ്രാതഃസന്ധ്യാർത്ഥം മാറി സായംസന്ധ്യയെന്നു ഭാഷയിൽ നടപ്പായെന്നും വിചാരിക്കാം. ഈ പ്രകൃതത്തിൽ 'അത്താഴം' ഓർമ്മിക്കുന്നു. ഇതെങ്ങനെയുണ്ടായി? അസ്തകാലം—അത്താഴമായി മാറാം. അസ്തകാലപൂജയാണു് അത്താഴപ്പൂജ. 'അത്താഴം' അമ്പലംവിട്ടു വീട്ടിൽ കയറിയപ്പോൾ ഉദരപൂജയായി മാറിയിരിക്കും. അത്താഴംപോലെ മുത്താഴം എന്നുണ്ടല്ലോ! അതിനോടു സമീപിക്കുമ്പോൾ ഈ അനുമാനം തെറ്റുന്നു. രഹസ്യത്തിനെതിരായി പരസ്യ

* ഈ സന്ദർഭത്തിൽ രാജശ്രീ മള്ളൂരവർകൾ തുറവൂർ അദ്ധ്യാപകകാൺഫ്രൻസിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം ഓർമ്മവരുന്നു. ഉദാരതയ്ക്കു് മടി എന്നു് ഒരദ്ധ്യാപകൻ അർത്ഥംകൊടുത്തുവത്രെ. ആ അർത്ഥവും ഒരു വിദേശനിഘണ്ടുവിൽ കാണുന്നുണ്ടു്. ബംഗാളികൾ 'ഉദാസീനത' എന്ന അർത്ഥത്തിൽ 'ഉദാരത' പ്രയോഗിക്കുന്നു.

വും സുബലത്തിനെതിരായി അബലവും, ക്ഷേമത്തിനെതിരായി ക്ഷാമവും നിർമ്മിച്ച നയംതന്നെ അത്താഴത്തിനെതിരായി മുത്താഴവും ഉണ്ടാക്കിയിരിക്കണം.

ഏലുക—തമിഴിൽ അധികാരപരിധി എന്നാൎത്ഥത്തിൽ 'ഇലാകാ' പ്രയോഗിക്കുന്നു. ഹിന്ദി, ബംഗാളി ഇവയിലും സദൃശരൂപം നടപ്പുണ്ട്. ഗ്രീക്കാണ് മൂലഭാഷ. ഏലാകാ, ഏൽകാ—എന്നു രൂപങ്ങൾ. അധികാരസീമ എന്നുമൂലാൎത്ഥം അതിരു് എന്നു മാത്രം ഭാഷയിൽ. ഏലിക എന്നും പ്രയോഗം കാണുന്നു. ഒന്നുകിൽ രണ്ടും ശരി; അല്ലെങ്കിൽ രണ്ടും തെററു്. പ്രയോഗബാഹുല്യംനോക്കി ശരിവയ്ക്കുമ്പോൾ 'ഏലുക'യ്ക്കു 'വോട്ടു' കൂടുതൽ കിട്ടാം.

ഹർജി—ഗ്രീക് മൂലപദം 'ആർജീ' എന്നു കാണുന്നു. അൎത്ഥത്തിന്നു ഭേദമില്ല. സംസ്കൃതജ്ഞാനമില്ലാത്തവർ വേണ്ടാത്തടത്തു് വിസർഗ്ഗങ്ങൾ ചേൎത്തു ശ്ലോകം പറയാറുണ്ടു് അതുപോലെ ആരോ 'ആർജി'യെ'ഹ' ചേൎത്തു പരിഷ്കരിച്ചു്—അച്ഛനെ അഛ്ഛനാക്കിത്തീൎത്തമാതിരി—ഇപ്പോൾ 'ഹർജി'യാണു് ശരിയായ രൂപം. "ശരി" എന്നാപദം എങ്ങനെവന്നു എന്നറിയുന്നില്ല.

ഹാജർ—അറബിയിൽ 'ഹാജിർ' എന്നു മൂലരൂപം. അതേരൂപംതന്നെ ഹിന്ദിയിലും ഉണ്ടു്. ഭാഷയിൽ ഇകാരം പോയി അൎത്ഥത്തിന്നു മാററമില്ല.

ജാമ്യം—അറബിയിൽ ജാമീൻ. ഹിന്ദിയിലും തമിഴിലും അങ്ങനെതന്നെ. ഭാഷയിൽ 'ജാമ്യം' 'ജാമീൻ' ജാമ്യക്കാരനെന്നു മൂലാർത്ഥം.

ചിട്ടി—ചീട്ടു്:- ഇംഗ്ലീഷിൽ Chit -ചിററു് എന്നു പ്രയോഗമുണ്ടു്. ഹിന്ദിയിലെ 'ചിഠീ' ആണു ഇംഗ്ലീഷിലേയ്ക്കുപോയതു്. അതുതന്നെ കൈമറിയാതെ മലയാളത്തിലും തമിഴിലും വന്നു. തമിഴിൽ ചീട്ടു് എന്നാണു്; കാർഡു്, കടലാസുതുണ്ടു, കുറി(ച്ചിട്ടി) എന്നിങ്ങിനെ നാനാർത്ഥം. ഭാഷയിൽ ചിട്ടിയും ചീട്ടും ചിററും മൂന്നുംമൂന്നാണു്. എന്നാൽ മൂന്നിൻ്റം കടലാസുതുണ്ടിനു സ്ഥാനമുണ്ടു്. "കുറിമാനം" എന്നർത്ഥം.

ഹജൂർ—പുത്തൻകച്ചേരി കുറെക്കാലംവരെ ഹജൂർകച്ചേരിയായിരുന്നു. ഈ ഇടയായി 'ഹുസൂർആഫീസ്' എന്നാണു് ഇംഗ്ലീഷഭിമാനികൾ പറയുന്നതു്. അതൊരു പുതുമയെന്നു് ആദ്യം തനിക്കു തോന്നി. എന്നാൽ 'പഴമ'യാണെന്നു് ഇപ്പോൾ മനസ്സിലായി. ഗ്രീക്ഭാഷയിലെ 'ഹുജൂർ' ഹിന്ദിയിലും മററും രൂപംമാറാതെ പകന്നിട്ടുണ്ടു്. ഇംഗ്ലീഷ്ലിപികളിൽക്കൂടി മലയാളത്തിൽക്കടന്നപ്പോഴാണു് 'ഹജ്ജൂർ' ആയതു്. ചേൎത്തല ഷെർട്ടാലിയും, എഴകോൺ, ഇഴജ്ജുകോണും ആകുവാൻ തുടങ്ങുന്നുണ്ടു്. 'പ്രഭു' എന്നു് ഹജ്ജൂരിൻെറ മൂലാൎത്ഥം.

ഹുക്കാ / ചുക്കാ —അറബിയിൽ 'ഹുക്കാ' ധൂമപാനയന്ത്രമാണ്. ഉത്തര ഇൻഡ്ധ്യയിലും ദ്രാവിഡത്തിലും ഈ വാക്ക കടന്നിട്ടുണ്ട്, അർത്ഥഭേദമില്ല. "ബീഡി"ക്കുള്ള 'ചുക്കാ', ഹുക്കായുടെ രൂപഭേദമായിരിക്കണം. Hemisphere—Semi Circle—എന്ന് ഹെമി, സെമിയാകുന്ന ഹസയോര ഭേദന്യായം ഭാഷാതത്വജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. സപ്തകോണം—ഹെപ്ററഗൺ ഈ നിയമപ്രകാരം ഹുക്കാ—സുക്കാ—ചുക്കാ എന്ന് രൂപം മാറിയിരിക്കാം.

ബീടി—ഇതു് സാഹിത്യത്തിലില്ലായിരുന്നു. ഈയിടെ മഹാകവി ഉള്ളൂർ 'അരുളപ്പാട്ട്'വഴി കൈരളിക്ക സംഭാവനചെയ്യുകാണുന്നു. മഹാകവിയെ ആദരിച്ചാണ് ഇവിടെ 'ബീഡി' എന്നു ചെക്കാത്തതു്. 'ബീഡി' എന്നാണ് ഉപയോഗിക്കുന്നവരുടെ ഇടയിൽ വ്യവഹാരം. സംസ്കൃതത്തിലെ 'വീടി' ബീടിയായി മാറി. ചുരുൾ എന്നർത്ഥം. ഉത്തരഇൻഡ്ധ്യൻ ഭാഷയിലും 'ബീഡി' എന്നു കാണുന്നു.

ഗുസ്തി—ഹിന്ദി, ബംഗാളി ഇവയിൽ 'കുസ്തി' എന്നു പ്രയോഗം. ഭാഷയിൽ ഗുസ്തിയായി.

(തുടരും)

# ചിന്താഗതി.

വെള്ളാംശ്ശേരി ഗോവിന്ദമേനോൻ.

(പാന)

ദേവ, ദേവ, ഞാനിന്നു മുണന്നിതാ
താവകീന കരുണതൻ കാന്തിയിൽ
കൈവന്ന കളിക്കോപ്പുകളുമേന്തി-
ക്കേവലമോരോ ലീലകൾ കോലുന്നു.

ഒന്നുമേതുമറിയാത്തൊരു പൈതൽ
തന്നുടെ തനതാഹ്ലാദത്തിനായി,
ഉന്നമോരോരോ ലീലയിലച്ചുന്ന
ചിന്നമോ രസമെന്നറിവീലവൻ.

നിന്മകനിവനൊന്നുമറിയാത്തോൻ
സന്മദത്തിങ്കൽ മാത്രം സമുൽസുകൻ

ഉന്മേഷത്തോട്ടുചെയ്യും കളികളിൽ
നിന്മനസ്സരസിക്കുന്നതുണ്ടാവോ?

ജ്ഞാനമാമഗാധാംബുധിതൻ തീര-
സ്ഥാനമാന്നതിൽ നിന്നൊരു തുള്ളിതാൻ
പാനംചെയ്യുവൻപോലുംനടിക്കുന്നു
താനതപ്പടിയാചമിച്ചവിധം.

ക്ഷേമമൊന്നുതാനേവരുമാശിപ്പു
കാമമായതിന്നത്രെ പണികളും
ആമനോജ്ഞപദാർത്ഥസ്വത്രൂപംതൽ-
കാമികർക്കുമറിവീലഹോ! കഷ്ടം!

ഇന്നതെന്നതും കൈവരുമെങ്ങിനെ-
യെന്നതുമൊട്ടുചിന്തിച്ചുകൊള്ളാതെ
ക്ഷേമാവസ്ഥയെക്കാമിപ്പുമാനവർ
വാർമതിയെച്ചെറുപൈതൽപോലവേ.

അഞ്ചിതമൊരു നൂതനചിത്രത്തെ
പിഞ്ചുബാലനു നല്കിയാലൊട്ടിട
അഞ്ചിക്കൊഞ്ചിക്കളിക്കു, മുടൻതന്നെ
കെഞ്ചുകില്ലയോ മറെറാന്നു കിട്ടുവാൻ.

ചന്തത്തിൽ ഭവാൻ കെട്ടിയൊരക്കളി-
പ്പന്തലിലണഞ്ഞോരോരോ ലീലകൾ
ഹന്ത! ചെയ്യുവതാത, തവാമോദം
പൊന്തുമാറായിത്തീരുമാറാകണേ.

ഉല്ലാസത്തോട്ടമിക്കുഞ്ഞിൻലീലക-
ളെല്ലാം നോക്കിയിരിപ്പു ഭവാൻദൃഢം
ആ മണിക്കുളിർ താലവൃന്തത്തിനാ-
ലാരെന്നെ വീശിടുന്നു തളരവെ.

പുത്രവാത്സല്യ മുൾത്തിങ്ങുംതാത,നിൽ
പുത്രൻ ഭൂസ്ഥലിയാന്നു കളിക്കാതെ
ഉത്തമസ്ഥാനം കാണിച്ചുനല്കുവാൻ
ഉൾത്തളിർ കനിഞ്ഞാലും കൃപാംബുധേ!

# 'സയൻസി'ലും കലാവിലാസം

(ജോസഫ് മുണ്ടശ്ശേരി എം. എ.)

മനുഷ്യനിൽ അടിക്കടി വർദ്ധമാനമായി കണ്ടുവരുന്ന ജ്ഞാനലിപ്സയെ പൂരിപ്പിക്കുന്ന ഒന്നാണല്ലോ "സയൻസ്". യഥാർത്ഥത്തിൽ ആ ജ്ഞാനലിപ്സാപൂരണമാണ് "സയൻസിൽ" കൈകാര്യംചെയ്യുന്ന മഹാമതികൾക്ക് ഒന്നാമതായുള്ള പ്രതിഫലമെന്നു പറയാം. അവരേക്കാൾ തുലോം താണ ഒരുതരം പര്യവേക്ഷകന്മാരുണ്ട്. അവക്ക് ജ്ഞാനം അത്ര ഗൌരവപ്പെട്ട ഒന്നല്ല. "സയൻസ്" വല്ല നവീനോപജ്ഞകളും വഴിക്ക്, ജീവിതമത്സരത്തിൽ ഭാഗഭാക്കാകുന്നുണ്ടെങ്കിൽ—എന്നുവച്ചാൽ "സയൻസ്", വല്ല പുതിയ വ്യവസായങ്ങൾക്കും മാർഗ്ഗദർശകമാകുന്നുണ്ടെങ്കിൽ—അതിൽനിന്നുള്ള മെച്ചങ്ങളായിരിക്കും അവർ പ്രതീക്ഷിക്കുന്ന പ്രതിഫലം. അവക്ക് എന്തിനേയും ക. ണ. പൈ. ആയിട്ടേ അളക്കുവാൻ കഴിയൂ. എന്നാൽ നവീനവിജ്ഞാനത്തിന്റെ നാനാമുഖമായ അഭിവൃദ്ധിക്കുവേണ്ടി ഇന്നോവരെ യത്നിച്ച് വിജയമടഞ്ഞിട്ടുള്ളവരിൽ മിക്കപേരും ധനവിലുബ്ധരല്ലായിരുന്നുവെന്ന് സധൈര്യം പറയാം. അവർ, മുകളിൽ പറഞ്ഞവിധം, അറിവിനുവേണ്ടി അന്വേഷിക്കയും അറിവിൻസിദ്ധിയിൽ ആഹ്ലാദിക്കയും ചെയ്യുവരാണ്. മഹാനായ കാവൻഡിഷിന്റെ (Cavendish) ജീവിതം നോക്കുക. എപ്പോഴും നവംനവങ്ങളായ വിജ്ഞാനകോടികളെ ലക്ഷീകരിച്ച് ചിന്തിക്കയും അന്വേഷിക്കയും മാത്രമായിരുന്നു അദ്ദേഹത്തിന്റെ തൊഴിൽ. ബാങ്കിൽ നിക്ഷേപിച്ചിരുന്ന പണം, കൂടുതൽ ആദായകരമാംവണ്ണം വിനിയോഗിക്കേണ്ടതിനെക്കുറിച്ച് ഉപദേശിക്കുവാൻ വന്ന മാനേജരെ അദ്ദേഹം ശകാരിച്ചുവിട്ടുവെന്നു കേട്ടാൽ ആർ ആശ്ചര്യപ്പെടാതിരിക്കും? തന്റെ ജോലിയിൽനിന്നുണ്ടായിക്കൊണ്ടിരുന്ന ആദായത്തെപ്പററി അദ്ദേഹം സ്വപ്നേfപി ഓർത്തിരുന്നില്ല. അറിയണം, അറിയണം,—ഈ ചതുരക്ഷരമന്ത്രമേ അദ്ദേഹത്തിനു പ്രേരകമായുണ്ടായിരുന്നുള്ളു.

ജ്ഞാനലിപ്സാശമനം മഹത്തായ ഒരുദ്ദേശംതന്നെ. എന്നാൽ അതിൽ കവിഞ്ഞൊന്നും "സയൻസിൽ" കാമ്യമായില്ലെന്നു കരുതാമോ? ഇന്നത്തെ "സയൻസിന്റെ" സ്വഭാവം അറിയുമ്പോൾ അങ്ങനെ വിചാരിക്കുവാൻ പ്രയാസം. കേവലം വസ്തുനിഷ്ഠമായ (Objective) അറിവിനെല്ലാം മീതെയായി ഒരുവക അന്തർജ്ഞാനം—നല്ല പ്രതിഭയുള്ള കവിസത്തമന്മാക്കും മററും അനുദ്ധ്യാനത്താൽ അനുഭവപ്പെടുന്ന ഒരു വിശേഷ

ജ്ഞാനം—കൂടി ഇന്നത്തെ "സയൻസ്" തൽസേവകന്മാൎക്ക് സമൎപ്പിക്കു ന്നതായി കാണുന്നു. അതേ, ഇദാനീന്തനരായ വിജ്ഞാനവിത്തുകൾക്ക്, "സയൻസ്", നാനാകാൎയ്യോന്മീലകമായ ഒരുപകരണം മാത്രമല്ലാ, പ്രേ ക്ഷണശാലാസീമകളിൽനിന്ന് അവരെ അതിൽനിന്നും ഉയൎത്തി ഭാവനാസാ മ്രാജ്യത്തിൽ സ്വച്ഛന്ദം വിഹരിപ്പിക്കുന്ന ഒരു വിശിഷ്ടകലകൂടി ആയിട്ടുണ്ട്. അങ്ങനേയോ? എന്നു പലരും, ഇതു് കേൾക്കുമ്പോൾ ആക്രോശിച്ചേ ക്കാം. അല്പം ക്ഷമിക്കുക. "സയൻസ്"കലയായി പകരുന്നതെങ്ങനെ യെന്നു പരിശോധിക്കാം.

ഉത്തമമായ കവികൎമ്മം, ഏററവും സാധാരണങ്ങളും നിസ്സാരങ്ങ ളുമായ സംഭവങ്ങൾക്കുകൂടി നവമായൊരു സ്വരൂപവും അൎത്ഥവും വരു ത്തിവെയ്ക്കുക പതിവാണ്. കവിയുടെ വ്യക്തിവൈഭവനിഷ്പന്നമായ കല്പ നയിലുൾപ്പെട്ടമ്പോഴെ സംഭവങ്ങളിൽ ഓരോന്നിനും അങ്ങനെയൊരു ന വീനവ്യാഖ്യാനം ഉണ്ടാകയുള്ളു. അഥവാ കവികല്പിതമായ പുതിയ ലോ കത്തിൽ ഓരോ കാൎയ്യവും ഓരോ പുതിയ സ്വരൂപവും സ്വഭാവവും കൈ ക്കൊള്ളുമെന്നൎത്ഥം. അങ്ങനെ വരുമ്പോൾ ഓരോ കവിയുടേയും കല്പ നങ്ങൾക്ക് ഓരോ പ്രത്യേകതയുണ്ടെന്നു തെളിയുന്നു. ആ പ്രത്യേകത അ ല്ലെങ്കിൽ വ്യക്തിവൈഭവവിലാസം എത്ര പ്രബലമാകുന്നുവൊ അത്രയ്ക്കു സ്ഥായിയായിരിക്കും കവിയിൽ നമുക്കുള്ള അഭിനിവേശം. കാളിദാസ ൻേറയോ ഭവഭൂതിയുടേയോ കുമാരനാശാൻേറയോ ടാഗോറിൻേറയോ വ്യ ക്തിധൎമ്മവിലസിതമായ ജീവിതനിരീക്ഷണം അവിസ്മരണീയമാണ്. ജീ വിതത്തിനും അതിലെ ഓരോ സംഭവത്തിനും ഓരോ നൂതനാൎത്ഥം ആരോ പിക്കുവാൻ അവരിലോരോരുത്തനും ശക്തനായിട്ടുണ്ട്. അതാണ് അ വർ സഹൃദയഹൃദയങ്ങളിൽ സുപ്രതിഷ്ഠരാകുന്നതിനുള്ള പ്രധാന കാരണം. പദങ്ങളുടേയും, ഛന്ദസ്സുകളുടേയും, അലങ്കാരങ്ങളുടേയും, കഥാംശങ്ങളുടേ യും ഉചിതഘടനയിൽ അവർ കാണിച്ചിട്ടുള്ള പാടവം ആശ്ചൎയ്യാവഹംത ന്നെ. പക്ഷേ അതിൽകവിഞ്ഞു് സഹൃദയന്മാരിൽ അടിച്ചുകയറുന്ന എ ന്തോ ഒന്നുണ്ട്. അതു് സൎവ്വോപരി വ്യക്തിഗുണാശ്രിതമായിരിക്കും. വേ ണമെങ്കിൽ അതിനെ സ്വയംകല്പനാശക്തി എന്നു വിളിക്കാം.

"സയൻസി"ൽ അങ്ങനെ വ്യക്തിവിമുദ്രിതങ്ങളായ കല്പനങ്ങൾ ക്ക് ഓരോ വിഷയത്തിലും നവംനവങ്ങളായ നിൎദ്ധാരണങ്ങൾക്ക്— പ്രസക്തിയില്ലെന്നായിരുന്നു വെയ്പ്. രണ്ടും രണ്ടും തമ്മിൽ ആർ കൂട്ടി യാലും ഉത്തരം നാലെന്നല്ലേ? അത്തരം കാൎയ്യങ്ങളിൽ വ്യക്തിധൎമ്മ വിലാസത്താൽ നാനാത്വമോ നവീനത്വമോ എങ്ങനെ സംഭവിക്കും? ക

വികമ്മത്തിൻെറ പ്രധാനോപകരണമായ ഭാവന എന്നും പുതിയതാണ്; സർവ്വതന്ത്രസ്വതന്ത്രവുമാണ്. "സയൻസി"ൻെറ പ്രധാനോപകരണമായ പൂർവ്വജ്ഞാനമോ? ഏററവും പരിച്ഛിന്നം. ആ സ്ഥിതിക്ക് "സയൻസി"ൽ കലാസാധാരണമായ കല്പനയ്ക്കൊന്നും ഇടമില്ലതന്നെ. എന്നാൽ ഈയിടെ അതൊക്കെ മാറിമറിഞ്ഞിട്ടുണ്ട്. പൂർവ്വജ്ഞാനത്തിൽ കുറെ ഭാഗംമാത്രമെ പരിച്ഛിന്നമായിട്ടുള്ളു. പ്രധാനസിദ്ധാന്തങ്ങളിൽ പലതും വിപര്യയാധീനങ്ങളെന്നു തെളിഞ്ഞിരിക്കുന്നു. അപ്പോൾ നവീനവിജ്ഞാനവിശാരദന്മാർക്ക്, കവികളെപ്പോലെ സ്വതന്ത്രകല്പനങ്ങൾ ചെയ്യാമെന്നായി. എന്തിന്? പല മതിമാന്മാരും ഓരോ വിഷയത്തെക്കുറിച്ച് വിഭിന്നങ്ങളും വ്യക്തിവൈഭവവിരാജിതങ്ങളുമായ വിഭാവനങ്ങൾ വളരെ ഉപപന്നമാംവണ്ണം ചെയ്തുകഴിഞ്ഞിട്ടുള്ളതായറിയുന്നു. ഓരോരുത്തനും ഓരോ വിധത്തിൽ സംഗതികൾ നിരീക്ഷിക്കുന്നുവെന്നു മാത്രം. എല്ലാവരുടെയും നിരീക്ഷണങ്ങൾക്ക് ഇന്നു "സയൻസി"ൽ സ്ഥാനമുണ്ട്.

ജെ. ഡബ്ളിയു സള്ളിവൻ പറയുമ്പോലെ, ഒരു അരശ്ശതാബ്ദമെ ആയുള്ളു "സയൻസി"ൽ വ്യക്തിപ്രകല്പനങ്ങൾക്ക് കാര്യമായ പ്രവേശമുണ്ടായിട്ട്. സർ ഐസക് ന്യൂട്ടൺ സൃഷ്ടിച്ച പദാർത്ഥവിജ്ഞാനീയത്തിൽ (Physics) പ്രേക്ഷണഫലങ്ങൾകൊണ്ടുള്ള ഉപരിഗണനത്തിൽ കവിഞ്ഞൊന്നും ഉണ്ടായിരുന്നില്ല. ന്യൂട്ടൻ പ്രഖ്യാപനംചെയ്ത മൗലികസിദ്ധാന്തങ്ങൾ അഭേദ്യങ്ങളായി എല്ലാവരും എണ്ണിവന്നു. എന്നാൽ ഐൻസ്റ്റീൻ, മാക്സ്വെൽ, റതർഫോർഡ്, തോംസൺ, ഒലിവർലോഡ്ജ്, ജീൻസ്, എഡിംഗ്ടൺ എന്നിവരുടെ പര്യവേക്ഷണങ്ങൾ സഫലീഭവിച്ചതോടുകൂടി അവയെല്ലാം കീഴ്മേൽ മറിഞ്ഞു. നവീനന്മാരുടെ ഭാവനാനികഷത്തിൽ ഉല്ലീഢങ്ങളായപ്പോൾ പല തത്വങ്ങൾക്കും പുതിയ രൂപം പ്രാപിക്കേണ്ടിവന്നു. വിശദമൊന്നാകെത്തന്നെ ഇക്കാലത്തെ വിദ്വാന്മാർ ഓരോമട്ടിൽ വിഗ്രഹിച്ചു വ്യാഖ്യാനിച്ചിട്ടുണ്ടെന്നു പറയാം.

ന്യൂട്ടൻെറ സിദ്ധാന്തങ്ങളിൽ പലതും ഉടച്ചുവാർത്തിട്ടുള്ള ഐൻസ്റ്റീൻെറ സിദ്ധാന്തങ്ങൾ ഒരു മഹാഗണിതജ്ഞൻെറ വ്യക്തിമുദ്രകളേന്തുന്ന ഉച്ഛൃംഖലവിഭാവനങ്ങളാണ്. കാലത്തെ(Time)ക്കുറിച്ചു ഇന്നോവരെയുള്ള ബോധത്തെ അടിച്ചുടച്ചു, പുതുതായി അദ്ദേഹം ഗണിതഫലങ്ങൾകൊണ്ടു കെട്ടിപ്പൊക്കിയിട്ടുള്ള ചതുർമ്മാനലോകം, (Four Dimensional World.) അത്തരം പ്രകല്പനങ്ങളിൽ മികച്ചതായെണ്ണാം. എന്നാൽ അതേലോകം തന്നെ എഡിംഗ്ടൺ മറെറാരുവിധത്തിൽ പണിതീർത്തിട്ടുള്ളതായികാ

ണ്ടുണ്ട്. അദ്ദേഹത്തിന്റെ ഭാവനയ്ക്കുള്ള പ്രത്യേകത ഒന്നുവേറെ. ഇരുവരുടേയും നിഗമനങ്ങൾ യുക്തിയുക്തങ്ങളും വിസ്മയാവഹങ്ങളുമായിരിക്കുന്നു. അവരുടെ പരസ്പരഭിന്നങ്ങളായ നിരീക്ഷണങ്ങൾ നോക്കുമ്പോൾ അവരുടെ കൈയ്യിൽ 'സയൻസ്' വെറും തത്വസമാഹാരം മാത്രമല്ല, ശ്രേഷ്ഠമായൊരു കലകൂടിയാണെന്നു പറയേണ്ടിയിരിക്കുന്നു.

ഇപ്പോഴത്തെ ദൂരദർശനസാമഗ്രികൾകൊണ്ടു് സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ ജ്യോതിഷികന്മാർക്ക് ബോധ്യമായിട്ടുള്ള ഒന്നാണ് വിശ്വകടാഹത്തിൽ ശുക്ലപടലങ്ങൾ (Nebulæ)ക്കുണ്ടായിക്കൊണ്ടിരിക്കുന്ന അപസരണം. ഈ അറിവു് വിശ്വപ്രകൃതിയെക്കുറിച്ചു ചിന്തിച്ചുവരുന്ന വിജ്ഞന്മാരെ അല്പമൊന്നുമല്ല പരിഭ്രമിപ്പിച്ചിട്ടുള്ളതു്. അതിരിക്കട്ടെ. അവര്, ഏതദ്വിഷയകമായി ചെയ്തിട്ടുള്ള അഭ്യൂഹങ്ങൾ 'സയൻസ്' കലയായിപ്പകരുന്നതിന് മറെറാരു ലക്ഷ്യമായിരിക്കും. നോക്കുക:—

ഒരു പീരങ്കിയിൽനിന്നു പൊട്ടിത്തെറിക്കുന്ന 'ഉണ്ടയുടെ ശകലങ്ങൾ' പല വേഗത്തോടുകൂടി പലവഴിക്കും പായുന്നുവെന്നിരിക്കട്ടെ. ഏററവും വേഗമുള്ളവ ഏററവും അകന്നും, തദ്വിപരീതങ്ങൾ ഏററവും അടുത്തുമല്ലേ സഞ്ചരിക്കുക? വേഗവും അകലവും അന്യോന്യബന്ധങ്ങളല്ലേ? ശുക്ലപടലങ്ങളുടെ അപസരണത്തെ വിശദീകരിക്കുവാൻ ഇതൊരു നല്ല ഉപായമാണ്. ബ്രഹ്മാണ്ഡം—അനിയതസ്വരൂപമായ ബ്രഹ്മാണ്ഡം—ഒരുകാലത്തു് എങ്ങനേയോ പൊട്ടിത്തെറിച്ചിരിക്കാം. അപ്പോൾ പലവഴിക്കും പാഞ്ഞ ഉണ്ടക്കഷണങ്ങളായിരിക്കാം ശുക്ലപടലങ്ങൾ. അവയിൽ ശീഘ്രഗായികൾ ഏററവും ദൂരസ്ഥങ്ങളും മന്ദഗായികൾ ഏററവും സമീപസ്ഥങ്ങളുമായെന്നേയുള്ളു. ഈ വ്യാഖ്യാനമനുസരിച്ചു് ശുക്ലപടലങ്ങൾ അനന്തമായ വിശ്വകടാഹത്തിലൂടെ എന്നും ഇങ്ങനെ ഓടിക്കൊണ്ടിരിക്കുമെന്നു വേണം സങ്കല്പിക്കുവാൻ. ഒരുകൂട്ടർ ഇത്തരത്തിലാലോചിക്കുമ്പോൾ ഐൻസ്റ്റിന്റെ പക്ഷക്കാർ വേറൊരുപമാനം കണ്ടുപിടിച്ചിരിക്കുന്നു. ഒരു നദിയുടെ ഉപരിതലത്തിൽ ഏതാനും വൈക്കോലിഴകൾ ചിന്നിച്ചിതറിക്കിടക്കുന്നുവെന്നിരിക്കട്ടെ. നദി ചിലേടത്തു വിപുലമായും ചിലേടത്തു് അവിപുലമായും ഒഴുകുമല്ലോ. നദീവിസ്താരം കുറയുമ്പോൾ വൈക്കോലിഴകൾ തമ്മിൽ അടുക്കുകയും കൂടുമ്പോൾ അവതമ്മിൽ അകലുകയുംചെയ്യും. അഥവാ വൈക്കോലിഴകളുടെ വ്യതീപാതവും സന്നിപാതവും നദിയുടെ വികാസാവികാസങ്ങളെ അനുസരിച്ചിരിക്കുമെന്നർത്ഥം. ഈ തത്വം ശുക്ലപടലങ്ങളും ഏറെക്കുറെ അനുവർത്തിക്കുന്നുണ്ടെന്നാണ് മേല്പറഞ്ഞ വിദ്വാന്മാരുടെ

മതം. ബ്രഹ്മാണ്ഡത്തിൻെറ സ്വയം വിസ്തരണത്താൽ ശുക്ലപടലാദികൾ അകന്നകന്നുപോകുംവണ്ണം നമുക്കു തോന്നുന്നു. യഥാൎത്ഥത്തിൽ ശുക്ലപടലാദികൾക്കു സ്വയമേവ അപസരണമില്ലെന്നു വന്നുകൂടേ? സർ എ. എസ്. എഡിംഗ്ടൺ പറയുന്നു, ഒരു ബാഷ്പപിണ്ഡമായി അവതരിച്ച ബ്രഹ്മാണ്ഡം വീൎത്തുവീൎത്തൊരു വമ്പിച്ച ഫുട്ബാൾ ബ്ളാഡർ, ആയിരിക്കുന്നുവെന്നു്.

എത്ര വിചിത്രങ്ങളായ കല്പനങ്ങൾ! ഇങ്ങനെ അനേകമുണ്ടു്. ഇന്നത്തെ 'സയൻസി'ൻെറ വൈജയന്തികൾ ഇവയല്ലാതൊന്നുമല്ല. പദാൎത്ഥപരമാണുവിൻെറ ഉല്പത്തി, മനശ്ശരീരങ്ങളുടെ ബന്ധം, വിശ്വത്തിൻെറ വലയം ഇത്യാദി വൻകാൎയ്യങ്ങളെ സംബന്ധിച്ചുള്ള അധുനാതനവിദ്വാന്മാരുടെ വ്യവഹാരങ്ങൾ മിക്കവാറും ഭാവനാസ്ഫുരിതങ്ങളാണു്. അവയിലൂടെ അവർ വല്ല അനുമാനങ്ങളിലും എത്തിയിട്ടുണ്ടെങ്കിൽ അവയെല്ലാം ഒരു വക അന്തൎന്നിവേദനങ്ങളായിട്ടുവേണം എണ്ണുവാൻ. ജീൻസിൻെറയും എഡിംഗ്ടൻെറയും പ്രഭാഷണങ്ങൾ നോക്കുക. അവസാനത്തിൽ അവർ 'മിസ്റ്റിക്'കവികളായി സ്വപ്നാടനം ചെയ്യുന്നുവോ എന്നു തോന്നിപ്പോകും.

## ചില കാൎഷികകാൎയ്യങ്ങൾ

(ഒരു പുരാതനഗ്രന്ഥത്തിൽനിന്നു.)

വൃക്ഷങ്ങളെ നട്ടുവളൎത്തുന്നതിനുള്ള ഭൂമിയെപ്പററി പരീക്ഷിക്കുമ്പോൾ മാൎദ്ദവം പോരെന്നു തോന്നുന്ന പക്ഷം ആ സ്ഥലം നല്ലപോലെ ഉഴുതു വരമ്പുകൾ ഉറപ്പിച്ചു മൺകട്ടകൾ തല്ലിപ്പൊടിച്ചു പുല്ലു മുതലായവ വാരിക്കളഞ്ഞു് അവിടെ എള്ളു് വിതയ്ക്കണം. പിന്നീട് ആ എള്ളു് പൂക്കുമ്പോൾ പറിച്ചുകളയണം. ഇതാണു പരുഷമായ ഭൂമി മാൎദ്ദവപ്പെടുത്തുന്നതിനുള്ള പ്രയോഗം.

സാധാരണ ഏതൊന്നിലും വിശേഷിച്ചു ഭൂമിയിലും "വിഷമെന്നും അമൃത"മെന്നും രണ്ടുതരം അണുക്കളുണ്ടു്. ഇതിൽ അമൃതിനെ കുറിച്ചു് മാൎദ്ദവമെന്നും, വിഷത്തെ കുറിച്ചു് പരുഷമെന്നുമാണു് പറഞ്ഞു വരുന്നതും.

ഏതൊന്നിൻെറയും പുഷ്പകാലം വിഷകാലവും, ഫലകാലം അമൃതകാലവുമാകുന്നു. ഇതും ഒരു വലിയ ന്യായമാണ്. ഇതനുസരിച്ച് എള്ളു പൂക്കുമ്പോഠം ആ സ്ഥലത്തുള്ള വിഷാംശം (പരുഷാംശം) പുഷ്പമായി മേല്പോട്ടു പ്രവഹിക്കും. തത്സമയം അമൃതാംശം ആ സ്ഥലത്തുതന്നെ നില്ക്കും. അമൃതാംശം എള്ളിൻെറ ഫലമായി മേല്പോട്ടു വ്യാപിക്കുന്നതിനുമുമ്പ് എള്ള് പറിച്ചുകളഞ്ഞാൽ അവിടെയുള്ള വിഷാംശം പോയി എന്നും, അമൃതാംശം അവിടെ തന്നെ നില്പുണ്ടെന്നുമാണ് അനുമാനിക്കേണ്ടത്. ഇതിൽ നിന്ന് മററൊരു സംഗതികൂടി തെളിയുന്നുണ്ട്.

മനുഷ്യവാസമുള്ള ഗൃഹത്തിൻെറ സമീപത്തിൽ (വളപ്പിൽ) പുഷ്പവൃക്ഷങ്ങളൊഴികെ യാതൊരു ഫലവൃക്ഷങ്ങളും വളത്തരുതെന്നും അങ്ങനെ ചെയ്താൽ ഭൂമിയിലുള്ള അമൃതാംശം വൃക്ഷങ്ങളുടെ ഫലമായി മേല്പോട്ടു വ്യാപിച്ച് കാലക്രമത്തിൽ അവിടെ താമസിക്കുന്നവക്ക് ഏതെങ്കിലും ചില അനത്ഥങ്ങഠം വന്നുചേരുമെന്നും കൂടി മേല്പറഞ്ഞ പ്രയോഗത്തിൽ നിന്നും ഗ്രഹിയ്ക്കാം.

പദ്യം:— ധൂമ, വാത, ലസൽബാഷ്പ-
സ്വേദ, ദ്രവ, ഘനാ, ണവഃ
സപ്തധാ പരിണാമാനി
തേ ദ്വിധാ സവ്വയോനയഃ

ധൂമം, വാതം, ബാഷ്പം, സ്വേദം, ദ്രവം, ഘനം, അണു ഇങ്ങനെ ഏഴുതരം പരിണാമമുണ്ട്. ഈ പരിണാമത്തിൽനിന്ന്, ഗുണവും ദോഷവും ലോകത്തിൽ സംഭവിക്കും. എങ്ങിനെയെന്നാൽ മേൽവിവരിച്ച ധൂമാദികഠം വിഷമെന്നും, അമൃതമെന്നും രണ്ടുതരത്തിലാണ്. വിശേഷിച്ച് ഇവതന്നെ ധാതുമൂലജീവങ്ങളുടെ ഉല്പത്തിസ്ഥാനങ്ങളുമാകുന്നു. വിഷധൂമം, വിഷവാതം, വിഷബാഷ്പം, വിഷസ്വേദം, വിഷദ്രവം, വിഷഘനം, വിഷാണു ഇങ്ങനെയും, അമൃതധൂമം, അമൃതവാതം, അമൃതബാഷ്പം, അമൃതസ്വേദം, അമൃതദ്രവം, അമൃതഘനം, അമൃതാണു ഇങ്ങനേയും ഉണ്ട്. ഇവയിൽ വച്ചു വിഷങ്ങഠം ദുഃഖത്തേയും അമൃതങ്ങഠം സുഖത്തേയും ചെയ്യും. ഓരോകാലങ്ങളിൽ ആകാശമണ്ഡലത്തിൽ വിഷമയങ്ങളായി ധൂമാദികഠം ഉണ്ടായി, വായുവഴിക്ക് ഗൃഹങ്ങളിലും മനുഷ്യരിലും വന്നുചേന്നു രോഗം മുതലായ പലതരം വിപത്തുകളെ ഉണ്ടാക്കും. അതിനു പരിഹാരമായി താഴെ പറയുന്ന പ്രയോഗം ചെയ്യേണ്ടതാണ്.

## ആരോഗ്യപ്രയോഗം.

പദ്യം:— അരിഷ്ടാശോകപുന്നാഗ-
ശ്ശിരീഷാസ്സപ്രിയംഗവഃ
മംഗല്യാപൂർവ്വമാരാമേ
രോപണീയാഗൃഹേഷുവാ.

ആര്യവേപ്പ്, അശോകം, പുന്ന, നെന്മേനിവാക, ഞാഴൽ ഈ അഞ്ചുവൃക്ഷങ്ങളും ഗൃഹങ്ങളുടെ ചുററും ഉദ്യാനങ്ങളിലും നട്ടു വളർത്തണം മുൻപറഞ്ഞ വിഷങ്ങൾ വൃക്ഷലതാദികളേയും, ജന്തുക്കളേയും, മനുഷ്യരേയും ഉപദ്രവിക്കും. ഇതിൻെറ പരിഹാരമായിട്ടാണ് മേൽപറഞ്ഞ വൃക്ഷങ്ങൾ ആദ്യം നട്ടു വളർത്തണമെന്നു പറഞ്ഞിട്ടുള്ളതു്.

വേപ്പ് വസൂരി മുതലായ ആഗന്തുകരോഗങ്ങളേയും, അശോകം ഉന്മാദം മുതലായ മനോരോഗങ്ങളേയും പുന്ന അതിശീതത്തേയും, വാക വിഷത്തേയും, ഞാഴൽ ഉഷ്ണത്തേയും ശമിപ്പിക്കും. ഈ വൃക്ഷങ്ങളുടെ ഉപയോഗം ഉദ്യാനത്തേക്കാൾ അധികവും ഗൃഹങ്ങളിലാണ്. മേൽ പറഞ്ഞ വൃക്ഷങ്ങളുടെ സ്പർശംകൊണ്ടും, അവയിൽ തട്ടി വരുന്ന കാററ് ഏൽക്കുന്നതുകൊണ്ടും, മനുഷ്യർക്ക് രോഗബീജങ്ങൾ നശിച്ച് ശരിയായ ആരോഗ്യം ഉണ്ടാകും. ആരോഗ്യമെന്നതു് വലുതായ ഒരു ധനമാണ്. ഈ ധനത്തിൻെറ കുറവുകൊണ്ടാണ് ശേഷം കാര്യങ്ങളിൽ വിഷമംവരുന്നതു്.

## പരിണാമവിവരണം.

ഗ്രഹനക്ഷത്രങ്ങളുടെ ചലനത്തിൽ നിന്നും അന്യോന്യയോഗത്തിൽ നിന്നുംആദ്യമായിട്ട് ഒരു ധൂമമുണ്ടാകുന്നു. പിന്നീട് അതു് കാററിനോട് ചേരുമ്പോൾ വാതകമായിത്തീരും. അതു് അല്പം തണുത്തു് നീരാവിപോലെ ഒരുതരമാകും; ഇതിനെയാണ് ബാഷ്പമെന്നു പറയുന്നതു്. ബാഷ്പമെന്ന ആവി ക്രമത്തിൽ സ്വേദമായിത്തീരും. സ്വേദം അല്പം കഴിയുമ്പോൾ ദ്രവമായി തീരും. ദ്രവം പിന്നീടു മെഴുകുപോലെ പരിണമിക്കും. ഈ ഘനത്തിൽ നിന്നാണ് അണുക്കൾ ഉണ്ടാകുന്നതു്. മേൽവിവരിച്ച ഓരോ മാററങ്ങൾക്ക് പരിണാമം അല്ലെങ്കിൽ രൂപാന്തരപ്രാപ്തി എന്നാണ് പറഞ്ഞു വരുന്നതു്.

ഒരു വസ്തുവിൽ ചേന്ന കണക്കു മറെറാന്നിൽ കാൺകയില്ല. വിഷം തന്നെയായിട്ടും അമൃതം തന്നെയായിട്ടും ഒരു വസ്തു ഉണ്ടാകുന്നില്ല രണ്ടുംകൂടിച്ചേർന്ന് മൂന്നാമതൊരു വസ്തു ഉണ്ടാകുമ്പോൾ അതും വിഷാധിക്യമായിട്ടോ, അഥവാ അമൃതാധിക്യമായിട്ടോ ഇരിക്കും. രണ്ടിലധികം എ

ത്രയെങ്കിലും വസ്തുക്കൾ തമ്മിൽ തന്നത്താൻ ചേൎന്നോ അഥവാ ചേ ൎത്തോ പരിണമിക്കുമ്പോൾ ഉണ്ടാകുന്ന വസ്തു ഒന്നായിരിക്കും. ആ വസ്തുവിൽ ൟൻചേൎത്ത സകല വസ്തുവിൻേറയും ഗുണം ഉണ്ടായിരിക്കുകയും ചെയ്യും.

ഉദാഹരണം.

പന്ത്രണ്ടു മരുന്നുകൾ ചേൎത്ത് ഒരു കഷായം വച്ചാൽ ആ കഷാ യത്തിന് മുമ്പു ചേൎത്ത പന്ത്രണ്ടിൻേറയുംകൂടി പതിമ്മൂന്നാമതു് ഒരു ഗു ണമായിരിക്കും. വെളുത്തവൎണ്ണമായ ചുണ്ണാമ്പും, പീതവൎണ്ണമായ മഞ്ഞളും തമ്മിൽ ചേരുമ്പോൾ മൂന്നാമതു് ഒരു രക്തവൎണ്ണം (ചുവപ്പ്) ഉണ്ടാകുന്നു ഇതു കൂടാതെ വെററില, അടയ്ക്ക, ചുണ്ണാമ്പ് ഇവ മൂന്നും ഓരോ വൎണ്ണമാ ണല്ലൊ. മൂന്നും തമ്മിൽ ചേരുമ്പോൾ നാലാമതൊരു ചുവന്നവൎണ്ണവും, അതീതമായ മറെറാരു രസവും ഉണ്ടാകുന്നു. മധുരരസമായ പാലിൽ പുള യുള്ള മോരു ചേക്കുമ്പോൾ പാലിൻേറയും മോരിൻേറയും കൂടാതെ മൂന്നാ മതൊരു രസം തൈരിന് ഉണ്ടാകുന്നു. ൟ വിഷയത്തിൽ അധികം ഉ ദാഹരണങ്ങൾ കാണിക്കേണ്ട ആവശ്യമില്ല. ആഹാരപദാൎത്ഥങ്ങളുടെ തര വും, രസവും, ഓരോ ഫലമൂലങ്ങളുടെ സ്ഥിതിയും തമ്മിൽ ആലോചിച്ചാൽ തന്നെ എളുപ്പം അറിയാവുന്നതാണ്.

വിശേഷിച്ച് ഉപ്പ്, ഗന്ധകം, കരി മുതലായ സാധനങ്ങൾ തമ്മിൽ ഓരോ കണക്കനുസരിച്ച് ചേൎത്താൽ ഉണ്ടാകുന്ന ശബ്ദവും വൎണ്ണവ്യത്യാസ വും അവയുടെ പലതരം കോലാഹലങ്ങളും സാധാരണ കാണുന്നുണ്ടല്ലൊ. ഇതിൻെറ കാരണം എന്തെന്ന് ആലോചിച്ചാൽ ഓരോ വസ്തുക്കൾ ത മ്മിൽ ചേൎന്നാൽ ഉണ്ടാകുന്ന വിചിത്രസംഭവങ്ങൾ എളുപ്പം അറിയാവു ന്നതാണ്

കൃത്രിമപ്രയോഗം.

പ്രകൃതിയുടെ സ്വതസ്സിദ്ധമായ ചേരുവ ഇന്നിന്നതെന്നും അതി ൻെറ കണക്ക് ഇന്നതരത്തിലെന്നും, അറിഞ്ഞാൽ വൃക്ഷങ്ങളേയും, വള്ളി കളേയും, അതനുസരിച്ച് ഓരോ പ്രയോഗം ചെയ്താൽ അവ കാലഭേദം കൂടാതെ എന്നും പൂക്കുകയും, കായ്ക്കുകയും ചെയ്യും. അതിനെ ഉദ്ദേശിച്ചാ ണ് അണുക്കളുടെ പരിണാമത്തെപ്പററി അല്പം ഒന്ന് വിവരിച്ചതു്. വൃ ക്ഷങ്ങളിലുള്ള ഓജസ്സാണ് അവയുടെ ഫലങ്ങളായി പുറത്തു വരുന്നതു്. ഓജസ്സ് അവസാനിക്കുമ്പോൾ ഫലവും അവസാനിക്കും. പിന്നീട് ക്രമ

ത്തിൽ ഓജസ്സ് വന്നുചേരുമ്പോൾ വീണ്ടും ഫലങ്ങളുണ്ടാകും. ഇങ്ങനെ കുറെക്കാലം കഴിയുമ്പോൾ ഓജസ്സ് ക്ഷയിച്ചുതുടങ്ങും; അതോടുകൂടി ഫലവും കുറഞ്ഞുതുടങ്ങും. തീരെ ഓജസ്സ് ക്ഷയിച്ചാൽ ഫലം നിശ്ശേഷം ഇല്ലാതെയാകും.

ഓജസ്സ് ക്ഷയിക്കാത്തവിധത്തിൽ എന്നും ആഹാരമായി വളം, വൃക്ഷലതാദികളുടെ സ്ഥിതിയനുസരിച്ച് ഉപയോഗിച്ചാൽ അവ എന്നും ഒരേ തരത്തിൽ പൂക്കുകയും കായ്ക്കുകയും ചെയ്യും. ഓരോതരം വിശേഷമായ പുഷ്പങ്ങളും കായ്കളും പഴങ്ങളും ഇഷ്ടംപോലെ ധാരാളം ഉണ്ടാക്കാൻ സാധിക്കും. ഈ അത്ഭുതകരമായ ഓരോ പ്രയോഗങ്ങൾകൊണ്ടു വൃക്ഷങ്ങൾക്ക് അസാമാന്യം വലിപ്പവും കാഴ്ചക്ക് മനോഹരത്വവുമുണ്ടാകും.

ലോകത്തിന് സ്വതസ്സിദ്ധമായ ഓരോ വസ്തുക്കളെക്കുറിച്ചു നല്ലപോലെ പൎയ്യാലോചിച്ചാൽ അവയെ കൃത്രിമമായിട്ടും ഉണ്ടാക്കാൻ സാധിക്കും. ഇതാണ് ഈവക ശാസ്ത്രങ്ങളുടെ മാഹാത്മ്യം.

## മുളകൾ.

ബീജാൽ കാണ്ഡാൽ തഥാ മൂലാൽ
ശാഖായാശ്ച പ്രരോപയേൽ.

വിത്തുകൾ പാകി മുളപ്പിച്ചു തൈകൾ ഉണ്ടാക്കാം. വൃക്ഷങ്ങളുടെ തടിയിൽ ചില മരുന്നുകൾ തേച്ചാൽ അവിടെ മുളയുണ്ടാകും. അവയും ഇതുകൂടാതെ വേരു മുറിച്ചെടുത്തോ അല്ലെങ്കിൽ വേരിന്മേൽ ഉണ്ടാകുന്ന മുളകൾ എടുത്തോ ആവാം. മൂത്ത കൊമ്പിന്മേൽ ചില പ്രയോഗം ചെയ്താൽ അവിടെ വേരുപൊട്ടും. അപ്പോൾ അതിന്റെ അടിയിൽ മുറിച്ചെടുത്ത് ഉപയോഗിക്കാം. ഇങ്ങനെ നാലുതരത്തിലും തൈകൾ എടുത്ത് നട്ടുവളൎത്താം.

ഏതെങ്കിലും വിത്തുകൾ ഓരോന്നായി പ്രത്യേകം നട്ട് മുളച്ചതിനുശേഷം പറിച്ചെടുക്കാതെ അവിടെത്തന്നെ നിൎത്തി വളം മുതലായതു ചെയ്ത് ശുശ്രൂഷിച്ചു വളൎത്താം. അല്ലെങ്കിൽ അധികം വിത്തുകൾ ഒരു സ്ഥലത്തു പാകി മുളപ്പിച്ച് അല്പം വളൎന്നു തൈകളാകുമ്പോൾ പറിച്ച് ഓരോന്നായി പ്രത്യേകം നട്ടു വളൎത്തുകയും ചെയ്യാം. ഇങ്ങനെ ചെയ്യുന്നതിനെക്കുറിച്ചാണ്, 'ബീജരോപ്യം' എന്നു പറഞ്ഞിട്ടുള്ളതു്. ബീജരോപ്യത്തിങ്കൽ വൃക്ഷങ്ങൾക്ക് വളരെ വലിപ്പവും യോഗ്യതയും ഉണ്ടാകും. പക്ഷെ ഇങ്ങ

ന്നെ ചെയ്യുന്നതിൽ വൃക്ഷങ്ങൾ കായ്ക്കുന്നതിന്ന് അവയ്ക്ക് ഓരോ കാലമുണ്ട്. ആ കാലം വരാതെ കായ്ക്കുകയില്ല. വേണ്ടതുപോലെ വളംചെയ്തു രക്ഷിച്ചാൽ അല്പംകാലം കുറയുമെന്നല്ലാതെ വലിയ വ്യത്യാസം വരികയില്ല.

### കാണ്ഡരോപ്യം.

ഏദതേദ്ര്മാകാണ്ഡരോപ്യാഃ
ഗോമയേനപ്രലേപിതാഃ

ഏതെങ്കിലും വൃക്ഷങ്ങളുടെ തടികളിലൊ അഥവാ കൊമ്പുകൾ പുറപ്പെടുന്ന കവരങ്ങളിലൊ പശുവിൻചാണകം തേച്ച് ഇടയ്ക്കിടയ്ക്കു നനച്ചാൽ അവിടെ മുളകൾ പുറപ്പെടും. അവ അല്പം വളന്ന് തൈകളുടെ പാകമാകുമ്പോൾ അടിയിൽവച്ചു മുറിച്ചെടുത്ത് നട്ടു വളത്തണം.

### മൂലരോപ്യം.

"മൂലച്ഛേദോഥവാസ്കന്ധേ
രോപിണീയാ പ്രയത്നതഃ"

വൃക്ഷങ്ങളുടെ നാരായവേര് ഒഴിച്ചു നാലുവശത്തേയ്ക്കും പടന്നുപോയ വേരിന്മേൽ ചാണകംതേച്ചു നനച്ചാൽ അവിടെ മുള പുറപ്പെടും. മുളച്ചതിന്റെ ഇരുവശവും മുറിച്ചെടുത്ത് നട്ടു വളത്താം. ഇതാണ് "മൂലരോപ്യ"മെന്നു പറയുന്നത്. "കാണ്ഡരോപ്യ"ത്തിലും, മൂലരോപ്യത്തിലും ഇതുകൂടാതെയും പ്രയോഗങ്ങൾ ഉണ്ട്.

"ഘൃതോശീരതിലക്ഷൗദ്ര-
വിളംഗക്ഷീരഗോമയൈഃ
ആമൂലസ്കന്ധലിപ്താനാം
സംക്രാമണവിരോപണം.
രോപയേദ്രോപിതാനാഞ്ച
തൈസ്തൈരേവപ്രജായതേ."

രാമച്ചം, എള്ള്, വിഴാലരി ഇവ മൂന്നും സമം എടുത്തു പൊടിച്ച് അതിൽ നെയ്യ്, തേൻ, പശുവിൻപാൽ, ചാണകം ഇവ ചേത്ത് സാമാന്യം കഴമ്പുപാകമാക്കി വൃക്ഷങ്ങളുടെ ചുവടുമുതൽ കവരകൾ പുറപ്പെടുന്ന സ്ഥലംവരെ തടിമുഴവൻ നല്ലപോലെ തേയ്ക്കണം. എന്നാൽ അല്പദിവസങ്ങൾ കഴിയുമ്പോൾ അവിടെ മുളകൾ ഉണ്ടാകും. അവആവശ്യം

പോലെ മുറിച്ചെടുത്തു് നട്ടുവളൎത്താം. ഒരുവട്ടം മുളകൾ എടുത്തതിൽനിന്നു് പിന്നെയും പിന്നെയും മരുന്നു തേച്ചാൽ മുളകൾ ഉണ്ടാകും. ഇങ്ങനെ പലവട്ടവും മുളപ്പിച്ചു മുറിച്ചെടുത്തു നടാം.

ചില വൃക്ഷങ്ങളുടെ വിത്തുകൾ വളരെ നിസ്സാരവും അതുതന്നെ നട്ടുവളൎത്തുന്നതിനു വളരെ പ്രയാസവുമായിരിക്കും. ആവക വൃക്ഷങ്ങളെ സംബന്ധിച്ചാണു് പ്രത്യേകിച്ചും ഈ പ്രയോഗം പറഞ്ഞിട്ടുള്ളതു്. വിശേഷിച്ചു കാണ്ഡരോപ്യപ്രകാരവും മൂലരോപ്യപ്രകാരവും നട്ടുന്ന വൃക്ഷങ്ങൾ എത്രയും വേഗത്തിൽ കായ്ക്കും. വളംചെയ്യുന്നതിനും നനയ്ക്കുന്നതിനും വളരെ സൗകൎയ്യവും ഉണ്ടാകും.

### ശാഖാരോപ്യം.

പലാലപാംസ്സുസംവേഷ്ട്യ
വല്മീകമൃദഗോമയൈഃ
ശാഖാഗ്രം സേചയേന്നിത്യം
ഘടയന്ത്രജലേനവാ
തദധഃ ഖണ്ഡയേൽസമ്യ-
ഗവടത സ്ഥാപയേൽദ്രുമാൻ."

മാവു് മുതലായി ശാഖാഗ്രങ്ങളിൽ ഫലമുണ്ടാകുന്ന ഏതെങ്കിലും മൂത്ത വൃക്ഷങ്ങളുടെ ചെറിയ കൊമ്പിന്റെ കവരയില്ലാത്ത സ്ഥലത്തു് പുററുമണ്ണും പശുവിൻചാണകവും ചേൎത്തു് വയ്ക്കോൽപിരികൊണ്ടു ചുററി ഉണങ്ങാത്തതരത്തിൽ നനയ്ക്കണം. അതിന്നു് വയ്ക്കോൽചുററിന്റെ നേരെ മുകളിൽ ഒരു കുടം തൂക്കിനിറുത്തി അതിന്റെ അടിയിൽ ചെറുതായ ഒരു ദ്വാരമുണ്ടാക്കി ആ ദ്വാരത്തിൽ ഒരു പുല്ലോ നൂൽതിരിയോ ചേൎത്തു് വയ്ക്കോൽചുററിനു നേരെ നിറുത്തി കുടത്തിൽ വെള്ളം നിറയ്ക്കണം. എന്നാൽ അല്പാല്പം വെള്ളത്തുള്ളികൾ നൂൽത്തിരിവഴിയ്ക്കു് വയ്ക്കോൽചുററിന്മേൽ വീഴും. കുടത്തിലെ വെള്ളം കഴിയുമ്പോൾ പിന്നീടു് വെള്ളം നിറയ്ക്കണം. ഇങ്ങനെ കുറച്ചുദിവസം കഴിഞ്ഞാൽ കൊമ്പിന്മേൽ വേരുപൊട്ടി വയ്ക്കോൽ ചുററിന്റെ ഉള്ളിൽക്കൂടി വെളിയിൽ വരും. അപ്പോൾ അതിന്റെ ചുവട്ടിൽവച്ചു് മുറിച്ചെടുത്താൽ നട്ടുവളൎത്താം. ഇങ്ങനെ ചെയ്യുന്നതിനു് "ശാ

ഖാരോപ്യ” എന്നാണ് പറഞ്ഞുവരുന്നതു്. ശാഖാരോപ്യപ്രകാരം വൃക്ഷങ്ങൾ നട്ടാൽ ഉടൻതന്നെ കായ്ച്ചുതുടങ്ങും. ചെറിയ വൃക്ഷത്തിന്മേൽ കൗതുകമുള്ള ഫലങ്ങൾ എന്നും ഉണ്ടാകും. അതു് മൺപാറകളിലോ മൺചട്ടികളിലോ മണ്ണുനിറച്ച് മുററത്തോ മററോ സൌകര്യംപോലെ വച്ചു വളർത്താം. ആവശ്യംപോലെ മാററിവയ്ക്കുന്നതിനും വിരോധമില്ല.

# പത്രപാരായണവും അദ്ധ്യാപനവും

(ഒരദ്ധ്യാപകൻ.)

“സാമ്രാജ്യങ്ങളെ സംഹരിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നതിന്” പത്രങ്ങൾക്കു ശക്തിയുണ്ടു്. അത്രത്തോളം അനിഷേധ്യമായിരിക്കുന്ന പത്രപാരായണത്തിൻെറ ആവശ്യകതയെക്കുറിച്ച് അദ്ധ്യാപകന്മാരോടു് ആരും പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ. വിശ്വപൗരത്വം ലക്ഷ്യമാക്കി പ്രയാണം ചെയ്യണമെന്നു പ്രവാചകന്മാർ നിർദ്ദേശിച്ചുകൊണ്ടിരിക്കുന്ന ഈ തരുണത്തിൽ —ചൈന—ജപ്പാൻ—ഇററലി—അബിസീനിയ, എന്നീ രാജ്യങ്ങളിലെ യുദ്ധകോലാഹലങ്ങളും, ഭാരതത്തിലെ അഭിനവപ്രസ്ഥാനത്തിലുള്ള സ്വാതന്ത്ര്യസമരങ്ങളും അനുദിനം അറിയാതെ വെറും അവരോധജീവികളായി കഴിഞ്ഞുകൂടുന്നതെങ്ങിനെയാണു്? നമ്മുടെ വീക്ഷണകോണം വളരെ വിശാലമായിരിക്കുന്നു എന്നു നാം അഭിമാനിക്കുമ്പോൾ, വിശ്വപൗരത്വം നാം അഭിനയിക്കുമ്പോൾ—നാളത്തെ പൗരന്മാരായ ഇന്നത്തെ ബാലന്മാൎക്ക് എന്തൊരു അഭ്യാസമാണു് നാം നൾകേണ്ടതു്? അദ്ധ്യാപകന്മാർ അതിപ്രധാനമായ ഈ വിഷയത്തെപ്പററി ചിന്തിക്കുകയും ഇതിനനുകൂലമായി ഒരു പരിതഃസ്ഥിതിയിൽ വിദ്യാൎത്ഥികളെ നയിക്കുകയും ചെയ്യേണ്ടതാണു്. വിശ്വത്തെപ്പററിയും അതിപ്രധാനങ്ങളായ ലോകസംഭവങ്ങളേയും അവയുടെ കാരണങ്ങളേയും അവയെല്ലാം നമ്മെ എങ്ങിനെ ബന്ധിക്കുന്നു എന്നും വിദ്യാർത്ഥികളെ മനസ്സിലാക്കുകയും അവയിൽ അവൎക്ക് ഒരഭിരുചി ജനിപ്പിക്കുകയും വേണം. ഭാവിയെ സൃഷ്ടിക്കുന്നു എന്നഭിമാനിക്കുന്ന പരിഷ്കൃതമാനസനായ ഒരദ്ധ്യാപകനു് ഇതൊന്നും അറിയാത്ത ഭാവ

ത്തിൽ ദിവസങ്ങൾ എണ്ണിക്കഴിക്കുന്നതു് വലിയ കഷ്ടംതന്നെയാണ്. ഈ വിഷയത്തെക്കുറിച്ചു ഗാഢമായി ചിന്തിക്കുന്ന അവസരത്തിൽ നമ്മുടെ നാട്ടിലെ അദ്ധ്യാപകന്മാരുടെ കഥ കുറെ ശോചനീയമാണെന്നു പറയാതെ തരമില്ല. ഒരു പന്തീരാണ്ടുകൊല്ലം മുമ്പു ശിക്ഷാക്രമപാഠശാലയിൽവച്ചു പഠിച്ചിട്ടുള്ളതിനു ശേഷം പുസ്തകമൊ പത്രമൊ തുറന്നുനോക്കാതെ നിത്യവൃത്തി കഴിച്ചുകൂട്ടുന്ന അദ്ധ്യാപകന്മാരും തീരെ വിരളമാണെന്നു പറയാൻ നിവൃത്തിയില്ല. വഴിയിൽവച്ച് 'ക്ഷേത്രപ്രവേശനകാര്യം എവിടെവരെയായി,' 'ഇററലി--അബിസീനിയൻയുദ്ധം എങ്ങിനെയിരിക്കുന്നു,' 'സി. കേശവന്റെ കേസ് എന്തായി' എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങളെക്കുറിച്ച് ബദ്ധപ്പാടിൽ ചോദിച്ചു വിഷമിപ്പിക്കുന്ന ചില യാത്രോപദ്രവികളായ പ്രഥമാദ്ധ്യാപകന്മാർപോലും ഇക്കാലത്തുണ്ട്. അസമാധാനവിത്തു പാകി, അതു മുളപ്പിക്കുന്ന ചില "കോപ്രാട്ടി" സദനങ്ങളുടെ വരാന്തകളിൽ വല്ല പൊതുയോഗത്തിനൊ ദീപാളി ഒഴിവിനൊ കൂടുമ്പോൾ മാത്രം പത്രംവായിക്കുന്നവരായും ചിലരുണ്ട്. "താന്നുണ്ണാത്തേവർ എങ്ങിനെയാണു വരംകൊടുക്കുന്നതു്" പത്രം വായിക്കാത്തവർ എങ്ങിനെ കുട്ടികൾക്കു് ആ വിഷയത്തിൽ അഭിരുചിയുണ്ടാക്കും? ചില വിദ്യാലയങ്ങളിൽ വായിക്കാനുള്ള എല്ലാസൗകര്യങ്ങളും ഉണ്ടെങ്കിലും അദ്ധ്യാപകന്മാർ അതും ദിനകൃത്യങ്ങളിൽ ഒന്നായി സ്വീകരിച്ചു് അനുഷ്ഠിക്കുന്നില്ല.

എന്നാൽ ചില വിദ്യാലയങ്ങളിൽ ഇപ്പോൾ വായനശാലകൾ സ്ഥാപിച്ചിട്ടും ഇതു വലിയ ആശ്വാസം തന്നെയാണ്. മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾക്കു വായിക്കുവാനായി പത്രങ്ങളാകട്ടെ മാസികകളാകട്ടെ തയാറാക്കിവച്ചുകാണുന്നില്ല. അങ്ങിനെ ആയാൽ വിശ്രമസമയം വേണ്ടപോലെ വിനിയോഗിക്കും. അദ്ധ്യാപകൻ ആഴ്ചയിലൊരിക്കലൊ, മററു സൌകര്യമുള്ള സമയത്തൊ ഏതെങ്കിലും ദിനപത്രത്തിൽ വായിക്കേണ്ട വിഷയങ്ങളെ ചൂണ്ടിക്കാണിക്കുകയും, ചില അഭിപ്രായങ്ങളെ വിമർശനം ചെയ്യുകയും ചെയ്യുന്നതു് ഉപകാരമായിരിക്കും. വിവേചനാശക്തിയെ ഉണർത്തി, വർഗ്ഗീയവൈരത്തെ തുരത്തി, വിമർശനബുദ്ധിയെ ഉണർത്തും. വിദ്യാലയംവിട്ടു പുറത്തുവരുന്നവർ വെറും പുസ്തകപ്പുഴുക്കളായി മാത്രം സംഭവിക്കയില്ല. അവൎക്കു ലോകകാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയാനുണ്ടാകും. ജീവിതായോധനത്തിൽ അവർ വിജയശ്രീയോടുകൂടി വൎത്തിക്കും.

വിദ്യാലയങ്ങളിൽ നിന്നു ധാരധാരയായി പ്രസംഗിച്ചതുമാത്രമല്ല അഭ്യാസം. ഒരു നല്ലപത്രം ഒരു സവ്വകലാശാലയാണെന്ന് ഒരു മഹാൻ പറഞ്ഞിട്ടുണ്ട്.

## അക്ഷരത്തെററുകൾ

(മാത്യു, എം. കുഴിവേലി.)

അക്ഷരത്തെററുകൂടാതെ എഴുതുകയെന്നുള്ളതു് വിദ്യാഭ്യാസത്തിൽ വളരെ പ്രാമുഖ്യം ഉള്ള ഒരു സംഗതിയാണ്. അഭ്യസ്തവിദ്യനായ ഒരാളിൻെറ എഴുത്തിൽ അക്ഷരസ്ഖലിതങ്ങൾ കടന്നുകൂടുന്നതു് അയാളുടെ ഭാഷാഭ്യാസന്യൂനതയെ പ്രസ്പഷ്ടമായി പ്രദശിപ്പിക്കുന്നു. മഹാപണ്ഡിതന്മാരും ബിരുദധാരികളും ആയിട്ടുള്ള മാന്യന്മാരുടെ എഴുത്തിൽ അക്ഷരത്തെററുകൾ സ്ഥലം പിടിക്കുന്നതു് അഭിമാനഭഞ്ജകം തന്നെയാണ്. അച്ചടിക്കുന്ന പുസ്തകങ്ങളിലും, വിശിഷ്യ, പാഠപുസ്തകങ്ങളിലും അച്ചടിപ്പിശാചുക്കൾ കടന്നുകൂടി ചെയ്യുന്ന വിക്രിയകൾ ഒരിക്കലും ക്ഷന്തവ്യമല്ല. വിദ്യാലയങ്ങളിൽ കുട്ടികൾ രചിക്കുന്ന ഉപന്യാസങ്ങളും അവർ എഴുതിവയ്ക്കുന്ന നോട്ടുകളും മാത്രം ഈ പിശാചിൻെറ വിഹാരരംഗമായിരുന്നു എങ്കിൽ സാധുക്കളായ അദ്ധ്യാപകന്മർ മാത്രം വിഷമിച്ചാൽ മതിയായിരുന്നു. ഇംഗ്ലീഷിൽ ഉയന്നവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള പലക്കും മലയാളത്തിലെഴുതുമ്പോൾ ഉണ്ടാകുന്ന അക്ഷരത്തെററുകളെപ്പററി ഗൗനിപ്പേയില്ല. വ്യാകരണത്തെററുകളും മറെറല്ലാത്തരത്തെററുകളും ഈ തെററിനേക്കാൾ ഭേദമാണെന്ന് പലരും അറിയാത്തതാണ് സങ്കടം. പുതിയപദങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടി വാക്കുകൾ വലിപ്പത്തിൽ ബോർഡിൽ എഴുതിക്കാണിക്കുമ്പോൾ അക്ഷരത്തെററുകൾ വരുത്തുന്നതാണ് മഹാപാതകം. അങ്ങനെ ചെയ്യുന്ന അദ്ധ്യാപകന്മാർ അറിഞ്ഞുകൊണ്ടു് അറുകൊല ചെയ്യുന്നവർ തന്നെയാണ്. എഴുത്തിൽ സൂക്ഷ്മതയില്ലാതെ ധാരാളം തെററുവരുത്തുന്നവർ അവരുടെ മററുകാര്യങ്ങളിലും അലസന്മാരും അശ്രദ്ധാലുക്കളും ആയിരിക്കാനിടയുണ്ടെന്നു സാമാന്യമായി വിശ്വസിച്ചുപോരുന്നു.

മലയാളം, അക്ഷരപ്പിശകുകൂടാതെ എഴുതാൻ വിഷമമില്ലാത്ത ഒരു ഭാഷയാണ്. ഇംഗ്ലീഷിലെപ്പോലെ അതിൽ വലിയ അക്ഷരങ്ങളും ചെറിയ അക്ഷരങ്ങളും ഇല്ല; ഒരു വാക്കിനു പല സ്ഥലത്തു പല ശബ്ദമില്ല; ('ന'യുടെ കാര്യം വിസ്മരിക്കുന്നില്ല,) എഴുതിയിട്ടും ശബ്ദിക്കാത്ത അക്ഷരങ്ങളും ഇല്ല. മലയാളഅക്ഷരങ്ങളും ലിപികളും ഏതാണ്ടൊരു ചൊവ്വ് ഉള്ളവതന്നെയാണ്. എന്നിട്ടും അതിൽ അക്ഷരത്തെററുകൾ വരുത്തുന്നതാണ് അക്രമം. മലയാളത്തിൽ അച്ചടിക്കുന്ന പുസ്തകങ്ങളിൽ(Errata) 'അബദ്ധം, സുബദ്ധം' ഇല്ലാത്ത പുസ്തകങ്ങൾ എത്ര ശതമാനമുണ്ട്? മലയാളപത്രങ്ങളിൽ ഈ പിശാചു വിഹരിക്കാത്തവ എത്രയുണ്ട്?

അക്ഷരത്തെററ് നിശ്ചയമായും ലജ്ജാവഹമായ ഒരു തെററുതന്നെയാണെന്നുള്ളതിന് സംശയമില്ല. നമ്മുടെ ഭാഷയിലെ ഈ തെററിന് പ്രധാനമായി പഴിക്കേണ്ടതു് നമ്മുടെ അദ്ധ്യാപകന്മാരെയുമാണ്. അവർ എഴുത്തു പഠിപ്പിച്ചപ്പോൾ കാണിച്ച അനാസ്ഥയാണ് ഇതിനു പ്രധാനകാരണം. കൂടാതെ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവർക്ക് ഈ തെററിനെപ്പററി കുറെക്കൂടെ നാണവും ഉണ്ടാകണം. ഏതായാലും അദ്ധ്യാപകന്മാരുടെ സത്വരവും അവഗാഢവും ആയ ശ്രദ്ധ പ്രത്യേകമായി പതിയേണ്ട ഒരു കര്യമാണിതെന്നുള്ളതിന് യാതൊരു സന്ദേഹവുമില്ല.

അക്ഷരങ്ങൾ യഥാസ്ഥാനത്തു കൂട്ടിച്ചേർത്താണല്ലോ എഴുതുന്നതു്. അക്ഷരങ്ങളുടെ ജീവനാണ് അവയുടെ ശബ്ദം; അവയുടെ ശരീരമാണതിന്റെ രൂപം. ശബ്ദം ശരിയായി കേൾക്കണം; രൂപം ശരിയായി കാണണം. കുട്ടികൾതന്നെ അക്ഷരം എഴുതുമ്പോഴാണ് അവർ അതിനെ സ്പർശിക്കുന്നതു്. അക്ഷരാഭ്യാസത്തിൽ ശ്രവണം, ദർശനം, സ്പർശനം എന്നീ ത്രിവിധമായ ഇന്ദ്രിയവ്യാപാരങ്ങൾ അടങ്ങിയിരിക്കുന്നു. ഇവയെ ശരിയായി ഉപയോഗിക്കുകയാണ് ഉത്തമമായ അക്ഷരാഭ്യാസരീതി.

അക്ഷരപ്പിശകുകൾ വരുത്തുന്നതിനുള്ള കാരണങ്ങൾ നാം പ്രത്യേകം അന്വേഷിച്ചു കണ്ടുപിടിച്ച് അവയെ ഉന്മൂലനംചെയ്യാൻ ശ്രമിക്കയാണ് ഈ ന്യൂനത പരിഹരിക്കാനുള്ള ഉത്തമമാർഗ്ഗം. ഉച്ചാരണവൈകല്യം, ശബ്ദശുദ്ധിക്കുറവ്, ചില അക്ഷരങ്ങളുടെ സാരൂപ്യം, ഇവയൊക്കെയാണ് അക്ഷരത്തെററുകളുടെ മൂലകാരണങ്ങൾ. സജ്ജനം, അജ്ഞത, ഭഞ്ജനം, കൊഞ്ഞനം എന്നിത്യാദി. വക്കുകളുടെ ശബ്ദഭേദങ്ങൾ പ്രത്യേക ശ്രദ്ധയോടുകൂടി പഠിപ്പിക്കാതിരിക്കുന്നതുകൊണ്ട് ലഘുവായ ശബ്ദവ്യത്യാസങ്ങൾ ശരിയായി ഗ്രഹിക്കാതിരിക്കയും തൻമൂലം ഭാവിയിൽ അക്ഷരപ്പിശാചിനെ ഉപാസിക്കാൻ ഇടയാകയും ചെയ്യുക സാധാരണയാണ്.

## സാമാന്യ തത്വങ്ങൾ.

താഴെ പ്രസ്താവിക്കുന്ന സാമാന്യതത്വങ്ങൾ അക്ഷരാഭ്യാസം ചെയ്യിക്കുന്ന അദ്ധ്യാപകന്മാർ പ്രത്യേകിച്ചും, മററുള്ളവർ സാമാന്യമായും, അനുവൎത്തിക്കുന്നതു കൊള്ളാം. അക്ഷരം പഠിപ്പിക്കുന്നതു് ആശാൻെറ മാത്രം ജോലിയായി ഒരദ്ധ്യാപകനും വിട്ടുകളയരുതു്. അതു മലയാളം ഒന്നാംക്ലാസിലെ അദ്ധ്യാപകൻേറയും മാത്രം ചുമതലയല്ല. ഒരു ക്ലാസ്സിൽ പല അദ്ധ്യാപകന്മാർ പല വിഷയങ്ങൾ പഠിപ്പിക്കുന്ന ഉയൎന്ന ക്ലാസ്സുകളിൽ ഇതു് ഭാഷാദ്ധ്യാപകൻെറ മാത്രം ഒരു കാൎയ്യമായി ആരും ഗണിക്കരുതു്. എല്ലാ അദ്ധ്യാപകന്മാൎക്കും കൂട്ടായ ഉത്തരവാദിത്വം തന്നെ ഇക്കാൎയ്യത്തിൽ ഉണ്ടായിരിക്കണം.

1. വാക്കുകൾ എഴുതാൻ പഠിക്കുന്നതിനു മുമ്പേതന്നെ അവയുടെ രൂപം (വാക്ചിത്രം) കുട്ടികളുടെ നയനങ്ങളിൽ ശരിയായി പതിയണം. കേൾക്കാനും, കാണാനും വായിക്കാനും സൌകൎയ്യം കൊടുത്തതിനു ശേഷമെ പുതിയ വാക്കുകൾ കാണാതെ എഴുതാൻ ആവശ്യപ്പെടാവൂ. വായനപാഠം കഴിഞ്ഞതിനുശേഷമേ കേട്ടെഴുത്തുപാഠം തുടങ്ങാവൂ.

2. ഓരോ അക്ഷരങ്ങളുടേയും രൂപം പ്രത്യേകംപ്രത്യേകമായി പഠിക്കുമെന്നിരുന്നാലും വാക്കുകളുടെ സങ്കീൎണ്ണമായ രൂപങ്ങളും മനോദൎപ്പണത്തിൽ പ്രതിഫലിക്കാൻ സൌകൎയ്യം നൽകണം.

3. അക്ഷരങ്ങൾ തെററുകൂടാതെ എഴുതുന്നതിൽ ഓൎമ്മശക്തിക്കു പ്രധാനസ്ഥാനമുണ്ടു്. മനസ്സിൽ എന്തെങ്കിലും ആശയമോ രൂപമോ ശരിയായി പതിയുന്നതിനും അവയെ പ്രതിഫലിപ്പിക്കുന്നതിനും കുറെ സമയം ആവശ്യമാണു്. അതിനാൽ അക്ഷരാഭ്യാസം വളരെ ധ്രുതഗതിയിൽ ഒരിക്കലും നടത്തരുതു്. പുതിയ അക്ഷരങ്ങളോ പുതിയ വാക്കുകളോ ഒരേ സമയം വളരെയധികം പഠിപ്പിക്കാൻ ശ്രമിക്കരുതു്.

4. അക്ഷരാഭ്യാസം സ്വതേ യാന്ത്രികമായ ഒരു മാനസികപ്രവൎത്തനമാണു്. തന്മൂലം രസവും താല്പൎയ്യവും ഈ വിഷയത്തിൽ പ്രകൃത്യാ ഉണ്ടായിരിക്കയില്ല. അതിനാൽ ഈ വിഷയം കഴിയുന്നത്ര രസപ്രദമായിട്ടും, ആകൎഷകവും ആക്കാൻ മനഃപൂൎവ്വമായി ശ്രമിക്കേണ്ടതാണു്. ഇതിനു പല മാൎഗ്ഗങ്ങളും അവലംബനീയമായിട്ടുണ്ടു്. അവയെപ്പററി യഥാവസരം പ്രസ്താവിക്കുന്നുണ്ടു്.

5. നിവൃത്തിയുള്ളിടത്തോളം, ശരിയായ അക്ഷരരൂപങ്ങഠം മാത്രമെ ബോർഡിൽ എഴുതി പൊതുവായി കുട്ടികളെ കാണിക്കാവൂ.

അക്ഷരാഭ്യാസത്തെ പ്രത്യേകം മുൻനിർത്തി പ്രധാനമായി നാലു് പൊതുവായ മാർഗ്ഗങ്ങഠം സ്വീകാര്യമാണു്. അവയിൽ പ്രഥമസ്ഥാനം വായനപാഠങ്ങഠംക്കു നഠംകാം. വായനകൊണ്ടു അക്ഷരചിത്രരൂപങ്ങഠം കാണുന്നതിനും, അക്ഷരങ്ങളുടെ ശബ്ദം ശ്രവിക്കുന്നതിനും സൌകര്യം ലഭിക്കുന്നുണ്ടല്ലോ. തടവുകൂടാതെയും, ഉച്ചാരണശുദ്ധിയോടുകൂടിയും വായിക്കാൻ കഴിയുന്ന കുട്ടിക്കു സാമാന്യമായി അക്ഷരത്തെററുകൂടാതെ എഴുതാനും, കഴിയുമെന്നുള്ളതു് ഒരു സാധാരണ അനുഭവമാണു്. രണ്ടാമത്തെ പ്രധാനമാർഗ്ഗം പകർത്തിയെഴുത്താണു്. അക്ഷരരൂപങ്ങഠം ശരിയായി ദൃഷ്ടികളിൽ പെടുന്നതിനും, കൈകഠംക്കു ഓട്ടവും, സുഗമതയും ലഭിക്കുന്നതിനും പകർത്തിയെഴുത്തു് അനുപേക്ഷണീയമാണു്. വായിച്ചുമാത്രം അക്ഷരങ്ങഠം പഠിച്ചാൽ വായിക്കാൻ മാത്രമെ സാധാരണയായി നമുക്കു കഴിയുകയുള്ളു. ഇതു ലേഖകനുതന്നെ പ്രത്യക്ഷമായി അനുഭവമുള്ളതാണു്. എനിക്കു തമിഴക്ഷരങ്ങഠം വായിക്കാൻ പ്രയാസമില്ല. വായിക്കാനറിയാവുന്നതിൽ പകുതിയക്ഷരങ്ങഠം എഴുതാൻ അറിഞ്ഞുകൂടാ താനും. മൂന്നാമത്തെ മാർഗ്ഗം വാങ്മൂലമായ അക്ഷരപാഠങ്ങളാണു്. ഇതു് ഒന്നും രണ്ടും മൂന്നും ക്ലാസ്സുകളിൽ ചുരുക്കമായി ഉപയോഗിക്കാം. (ഉദാ, കുട്ടികഠംക്കു തെററിപ്പോകാൻ ഇടയുള്ള അക്ഷരമുഠംപ്പെട്ട ഒരു വാക്കു് അദ്ധ്യാപകൻ പറയുക. കുട്ടികഠം ആ വാക്കിൻെറ അക്ഷരങ്ങഠം ഓരോന്നായി ഉച്ചരിക്കയും, ബോർഡിൽ എഴുതിക്കാണിക്കുകയും ചെയ്യുക. കൂട്ടക്ഷരങ്ങളാണെങ്കിൽ അവയെ പിരിച്ചു പറയിക്കുക ഇത്യാദി.) നാലാമതായി ഉപയോഗിക്കാവുന്ന മാർഗ്ഗം അക്ഷര—ശബ്ദനിയമങ്ങഠം പഠിപ്പിക്കുകയാകുന്നു. ചില അക്ഷരങ്ങഠംക്കു മലയാളഭാഷയിലും സ്ഥാനം മാറിയാൽ ശബ്ദഭേദം ഉണ്ടാകുമല്ലോ—(ഗ, ജ, ഡ, ബ.) ('ന'യുടെ ശബ്ദഭേദങ്ങഠം, ഇത്യാദി.) ഈവക കാര്യങ്ങഠം കുട്ടികളുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കണം.

## അക്ഷരാഭ്യാസത്തിൽ സാധാരണ കണ്ടുവരുന്ന ന്യൂനതകഠം.

1. എഴുതാൻ വേണ്ടിടത്തോളം അഭ്യാസം നഠംകാതെ വായനകൊണ്ടും ഉച്ചാരണംകൊണ്ടും മാത്രം അക്ഷരാഭ്യാസം ചെയ്യിക്കുന്നതിനു ശ്രമിക്കുക.

2. ധൃതഗതിയിൽ അക്ഷരാഭ്യാസം സാധിക്കുന്നതിനു പരിശ്രമിക്കുക.

3. തുല്യവിഷമതകൾ ഉള്ള വാക്കുകളെ ബുദ്ധിപൂർവ്വകമായി ക്രമീകരിക്കാതെയും വിഭജിക്കാതെയും പഠിപ്പിക്കുക.

4. വാക്കുകളുടെ അർത്ഥം ശരിയായി ഗ്രഹിപ്പിക്കുന്നതിനു മുമ്പിൽ പുതിയ വാക്കുകൾ എഴുതിക്കുക.

5. പകർത്തിയെഴുത്തഭ്യാസങ്ങൾ സൂക്ഷ്മതയോടുകൂടി പരിശോധിക്കാതിരിക്കുക.

6. കേട്ടെഴുത്തുകൊണ്ടു മാത്രം അക്ഷരാഭ്യാസപരിശോധന നിർവ്വഹിക്കുക.

7. പകർത്തിയെഴുത്ത്, രചന മുതലായ വിഷയങ്ങളിലുണ്ടാകുന്ന അക്ഷരത്തെററുകളെ ശരിയായ അക്ഷരം എഴുതി തെററുകൾ തിരുത്താതിരിക്കുക.

## അക്ഷരാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധാർഹമായ കാര്യങ്ങൾ.

1. എല്ലാ പാഠങ്ങളിലും പുതിയ വാക്കുകൾ കഴിയുന്നതു ബോർഡിലെഴുതി പ്രദർശിപ്പിക്കുകയും, വായിപ്പിക്കുകയും ചെയ്യുക.

2. വാക്കുകൾ എഴുതുമ്പോൾ അക്ഷരങ്ങൾ ചിലതു വിട്ടുകളയുക, ഉച്ചാരണവൈകല്യംകൊണ്ട് തെററായ അക്ഷരങ്ങൾ എഴുതുക, മുതലായ ന്യൂനതകൾ പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

3. താഴ്ന്ന ക്ലാസ്സുകളിൽ (Spelling games.) അക്ഷരക്കളികൾ ഉപയോഗിക്കുക.

4. ക്ലാസ്സിലെ കുട്ടികൾ സാധാരണയായി തെററിച്ചെഴുതുന്ന വാക്കുകളുടെ ഒരു ലിസ്റ്റ് ക്ലാസ്സദ്ധ്യാപകൻ തയ്യാർചെയ്തു് പ്രസ്തുത വാക്കുകൾ ശരിയായി എഴുതിക്കാൻ പ്രത്യേകം കരുതുക.

5. വായനയിൽ അഭിരുചി ജനിപ്പിക്കയും, പാഠ്യപുസ്തകങ്ങൾ പലയാവൎത്തി വായിക്കുന്നതിനു പ്രോത്സാഹിപ്പിക്കയും ചെയ്യുക.

6 താഴ്ന്ന ക്ലാസ്സുകളിൽ അക്ഷരക്കാർഡുകളും, മററും ഉപയോഗിക്കുക.

7. പല വിഷയങ്ങൾ പല അദ്ധ്യാപകന്മാർ പഠിപ്പിക്കുന്ന ക്ലാസ്സുകളിൽതന്നെ എല്ലാവരും ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുക.

## അക്ഷരക്കളികൾ.

പ്രകൃത്യാ ശുഷ്കവും രസശൂന്യവും ആയ അക്ഷരാഭ്യാസം രസോല്ലാദകവും പ്രോത്സാഹജനകവും ആയി നയിക്കുന്നതിന് താഴ്ന്ന ക്ലാ

സ്സുകളിലെ അദ്ധ്യാപകന്മാർ ധാരാളം അക്ഷരക്കളികൾ അറിഞ്ഞിരിക്കുന്നതു നല്ലതാണു്. ഇവയെ സന്ദർഭോചിതമായി പ്രയോഗിക്കുന്നതു് അദ്ധ്യാപകനും അദ്ധ്യേതാക്കൾക്കും ഒരുപോലെ രസകരമായിരിക്കും അതിനാൽ വിദ്യാഭ്യാസസംബന്ധമായ പല ഗ്രന്ഥങ്ങളിൽനിന്നും മാസികകളിൽനിന്നും ശേഖരിച്ചിട്ടുള്ള കുറെ അക്ഷരക്കളികൾകൂടെ ഇവിടെ വിവരിക്കുന്നതു സമുചിതമായിരിക്കുമെന്നു് വിശ്വസിക്കുന്നു.

1, ഒളിച്ചവനെ പിടിക്കുക. പ്രയാസമുള്ള ഒന്നും രണ്ടും അക്ഷരങ്ങൾവീതം വിട്ടുകളഞ്ഞു് ആറേഴു വാക്കുകൾ ബോർഡിൽ എഴുതിയിട്ടു് ഓരോ വാക്കിൽനിന്നും ഒളിച്ചുപോയ അക്ഷരങ്ങളെ കണ്ടുപിടിച്ചു കുട്ടികളെക്കൊണ്ടു് എഴുതിക്കുകയാകുന്നു ഈ കളിയുടെ സ്വഭാവം.

2. അസ്ഥാനത്തിരിക്കുന്നവനെ ഓടിക്കുക. ഇതു മേൽപ്രസ്താവിച്ച കളിയുടെ വിപരീതഭാവമാണു്. തെററായ അക്ഷരങ്ങളോ ആവശ്യമില്ലാത്ത അക്ഷരങ്ങളോ കൂട്ടിച്ചേർത്തു് ആറേഴു വാക്കുകൾ ബോർഡിലെഴുതിയിട്ടു തെററായും അസ്ഥാനത്തും ഇരിക്കുന്ന അക്ഷരങ്ങളെ യഥാക്രമം തിരുത്തിക്കയും ഉപേക്ഷിപ്പിക്കയും ചെയ്യുക.

3. "ഞാൻ വിചാരിച്ച വാക്കേതു്?" കേട്ടെഴുത്തിനുകൊടുക്കുന്ന മാതിരി പത്തോ പന്ത്രണ്ടോ വാക്കുകൾ അദ്ധ്യാപകൻ ബോർഡിൽ എഴുതണം. അനന്തരം ഒരു കുട്ടിയെ വിളിച്ചു് ബോർഡിനു സമീപത്തു വന്നു് ബോർഡിൽ എഴുതിയിട്ടുള്ള വാക്കുകളിൽ ഏതെങ്കിലും ഒന്നു് പ്രത്യേകമായി മനസ്സിൽ വിചാരിക്കുന്നതിനു പറയണം. കുട്ടി വാക്കു മനസ്സിൽ വിചാരിച്ചാൽ ഉടനെ അതു് അദ്ധ്യാപകനോടു രഹസ്യമായി പറയുക. ക്ലാസ്സിലെ കുട്ടികളെല്ലാം ഈ കുട്ടിയുടെ ബോർഡിലേക്കുള്ള നോട്ടവും, അദ്ധ്യാപകനോടുള്ള പറച്ചിലും എല്ലാം സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കണം. കുട്ടി വിചാരിച്ച വാക്കു് അദ്ധ്യാപകൻ അറിഞ്ഞുകഴിഞ്ഞാലുടനെ എല്ലാവരും കുട്ടി വിചാരിച്ചതാണെന്നു് അവരവക്കു തോന്നുന്ന വാക്കുകൾ പരസ്പരം കാണിക്കാതെ എഴുതി താഴെ വയ്ക്കണം. അതുകഴിഞ്ഞു്, കുട്ടി വിചാരിച്ച വാക്കു് അദ്ധ്യാപകനൊ, ബോർഡിലേക്കു പോയി നോക്കിയ കുട്ടിയോ പരസ്യമായി ക്ലാസ്സിനോടു പറയുക. ആ വാക്കു് ശരിയായി എഴുതിയവക്കു് ഒരു മാക്കുവീതം കൊടുക്കുക. വെറും ഊഹാപോഹശക്തിയുപയോഗിച്ചുള്ള കളികൾ പലതും കുട്ടികൾക്കു താല്പര്യമുള്ളതാണു്. ഈ താല്പര്യത്തെ ഗുണപ്രദമായി വിനിയോഗിക്കാൻ ഒരു നല്ല മാർഗ്ഗംകൂടെയാണു് ഇത്തരം കളികൾ.

4. <u>അക്ഷരപൂർത്തീകരണക്കളി.</u> ചില വാക്കുകളിൽനിന്ന് ഒന്നോ രണ്ടോ അതിലധികമോ അക്ഷരങ്ങൾ വിട്ടുകളഞ്ഞു് ഡാഷിട്ട് ബോർഡിൽ എഴുതുക. വാക്കുകൾക്കെതിരായി അക്ഷരങ്ങൾ ലഭിക്കുന്നതിന്ന് സഹായമായ ചില സൂചനകൾ ബ്രായ്ക്കറ്റിട്ട് നൽകുക. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:—

ഉദാ:—

പു—കം (വായിക്കുവാനുള്ള ഒരു സാധനം.)

—ടി—രം (സമയം അറിയുന്നതിനുള്ള ഒരുപകരണം.)

ഇത്യാദി:—ഇടയ്ക്കു ചില വാക്കുകൾ വിട്ട് വാചകങ്ങൾ എഴുതിച്ച് പൂരിപ്പിക്കുക.

5. <u>അക്ഷരം കൂട്ടിക്കളി.</u> അക്ഷരശ്ലോകരീതിയുള്ള ഒരു കളിയാണിതു്. അദ്ധ്യാപകൻ ഒരു കുട്ടിയേ നിർദ്ദേശിച്ച് ഒരക്ഷരം പറയിക്കുക. മററൊരു കുട്ടി ഒരക്ഷരംകൂടെ കൂട്ടി ഒരു വാക്കാക്കട്ടേ. പിന്നീട് വേറൊരു കുട്ടിയെ നിർദ്ദേശിച്ച് അതു മററൊരു വാക്കായി രൂപാന്തരപ്പെടുത്തട്ടെ. ഇപ്രകാരം തുടരാം.

ഉദാ:— ആദ്യത്തെ കുട്ടി 'ക' എന്നു പറയുന്നു എന്നിരിക്കട്ടെ. അടുത്തയാൾ 'രു' എന്നു പറയുന്നുവെന്നു വിചാരിക്കുക. മൂന്നാമൻ 'വി' എന്നും നാലാമൻ 'ള' എന്നും പറഞ്ഞു പൂർത്തിയാക്കുക. ഈവകകളികളിൽ ഓരോ അദ്ധ്യാപകനും ഗുണപ്രദമെന്ന് തോന്നുന്ന വ്യതിയാനങ്ങൾ പ്രയോഗിക്കാൻ അവകാശമുണ്ടെന്നുള്ളതു പ്രത്യേകം സ്മരിക്കേണ്ടതാകുന്നു.

6. <u>ഏകാന്ത്യവാക്കുകളി.</u> ഒരു കുട്ടി ഏതെങ്കിലും ഒരു വാക്കു പറയട്ടെ. ആ വാക്കിൻെറ അന്ത്യത്തിലുള്ള അക്ഷരം അന്ത്യമായി വരുന്ന മററു വാക്കുകൾ കുട്ടികൾ ഓരോരുത്തർ പറയട്ടെ.

ഉദാ:— മാങ്ങാ, തേങ്ങാ, മൂങ്ങാ, കൊങ്ങാ, അടി, പിടി, വടി, മടി, കൊടി, ഞൊടി, പടി.

7. ഒരുവാക്കിലുള്ള അക്ഷരങ്ങൾ ഉപയോഗിച്ചു മററു പല വാക്കുകൾ നിർമ്മിക്കുക. ഉദാ:— 'അക്ഷരങ്ങൾ' എന്ന വാക്കുതന്നെ എടുക്കാം. അതിൽനിന്ന് അര, അക്ഷം, രക്ഷ, അരക്ഷ, അക്ഷരങ്ങൾ ഇത്യാദി.

8. അക്ഷരപ്രശ്നങ്ങൾ. ഞാൻ നാലക്ഷരമുള്ള ഒരു വാക്കാണ്. നിങ്ങൾക്കെല്ലാം എന്നെ നല്ല പരിചയമാണ്. ഇക്കാലത്ത് എന്നെക്കൂടാതെ ജീവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. എൻെറ അക്ഷരങ്ങൾ താഴെ പറയുന്ന ക്രമത്തിൽ ചേർത്തുവച്ചാൽ ബ്രായ്ക്കററിനകത്തു കൊടുത്തിട്ടുള്ള സൂചനയ്ക്കനുസരണമായ വാക്കുകൾ ഉണ്ടാക്കാം.

ഉദാ:—

1,4=ഡ്രായിംഗുമാസ്റ്റർമാർ വരക്കുന്നത്. (ഉത്തരം പടം.)

3, 4=കൊല്ലന്മാർ ഉപയോഗിക്കുന്നത്. (ഉ: കൂടം.)

1, 2=ക്രിസ്ത്യാനികളുടെ ആരാധനസ്ഥലം (ഉ: പള്ളി.)

ഉത്തരം:— പള്ളിക്കൂടം.

ഈദൃശമായ ഉദാഹരണങ്ങൾ ചിലപ്പോഴെല്ലാം ചെയ്യിക്കുന്നതു ചിത്രപ്രശ്നങ്ങൾക്കും മററും ഉത്തരം കണ്ടുപിടിക്കുന്നതിനു ഉത്സാഹം ജനിപ്പിക്കുന്നവയാണ്.

9. ശരിയായി അടുക്കുക. ഒരു വാക്കിൻെറ അക്ഷരങ്ങൾ ക്രമം തെററി എഴുതിയിട്ട് അവയെ ക്രമപ്പെടുത്തി എഴുതിക്കുക.

ഉദാ:— തീട്ടിപ്പെ, (തീപ്പെട്ടി.)
ലാടകസ്സ്, (കടലാസ്സ്.)
സിൽപെൻ, (പെൻസിൽ.)
സ്തപുകം, (പുസ്തകം.) ഇത്യാദി.

10. അക്ഷരവാങ്മത്സരം. ഒരു കുട്ടി ഒരു വാക്കു പറയുക. ആ വാക്കിൻെറ അവസാനത്തെ അക്ഷരം പ്രാരംഭമായി ഉപയോഗിച്ചു വേറൊരു വാക്കു് മറെറാരു വിദ്യാർത്ഥി പറയുക. ഇപ്രകാരം തുടരുക.

11. മറിച്ചോ തിരിച്ചോ എഴുതിയാലും ഒരേ വാക്കുതന്നെ കിട്ടുന്ന വാക്കുകൾ കണ്ടുപിടിച്ചെഴുതുക. ഉദാ:— കറുക, മോരുതരുമോ, ഇത്യാദി. ഇങ്ങനെയുള്ളവ കുറവാകയാൽ ഈദൃശകളി ചുരുക്കമായി ഉപയോഗിക്കാനേ സാധിക്കയുള്ളൂ.

അക്ഷരാഭ്യാസകാര്യത്തിൽ പ്രാഥമികപാഠശാലാദ്ധ്യാപകന്മാരാണു് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതു്. അക്ഷരത്തെററുകളെ പ്രധാനമായ ഒരു തെററായി എല്ലാവരും പരിഗണിച്ചു് ഇവയെ പരിഹരിക്കാൻ മനഃപൂർവ്വമായി ശ്രമിച്ചാൽ ഫലമുണ്ടാകാതെയിരിക്കയില്ല.

# പുസ്തകാഭിപ്രായം.

**രാഗതരംഗം:—** **ഗ്രന്ഥകർത്താ:—**

**(നാലാങ്കൽ കൃഷ്ണപിള്ള എം. എ; (ആണേഴ്സ്) എൽ. ടി.)**

യുവകവിയായ നാലാങ്കൽ കൃഷ്ണപിള്ള അവർകൾ പലപ്പോഴായി എഴുതിയ ഏതാനും പ്രേമകവിതകൾ സമാഹരിച്ചു സഞ്ചയിച്ചതാണ് രാഗതരംഗം. ഇതിൽ പല ഉല്ലേഖങ്ങളും കാണുന്നു. ആർക്കും വായിച്ചാൽ മനസ്സിലാകുന്ന ഭാഷയിൽ കൂടിയാണു കവനം ചെയ്തിരിക്കുന്നതും. എന്നാൽ, ഇതിലെ വിഷയം സാക്ഷാൽ പ്രേമം തന്നെ. ആദ്യന്തം ആ ഒരേമട്ടിലുള്ള പാട്ടുതന്നെയാണു പാടിയിരിക്കുന്നതു്. അതു് ആദ്യന്തം ഒരു സൂത്രം പോലെ പോകുന്നുമുണ്ടു്. ചില മാതൃകകൾ കാണിക്കാം.

"ആകാശവീഥിയിൽക്കൂടവേ ഞാ-
നായിരം പേശല ചുംബനങ്ങൾ,
മാമകാനന്ദമേ! നിൻസവിധ-
മോരോദിനവുമയക്കമല്ലോ".

**(മറെറാരുഭാഗം)**

"മന്ദാരക്കളിർത്തെന്നലേററവ
മന്നഖില മറക്കമായ്;
ഹേമന്തപ്പൂനിലാവിൽ വല്ലികൾ
രോമാഞ്ചച്ചേല ചാർത്തുന്നു.
രാക്കിയിൽ തൻെറ രാഗഗീതത്തിൽ
രാത്രിപോലുമുറക്കമായ്,
അങ്ങുകാണും ലതാനികുഞ്ജത്തിൽ
മംഗളാംഗീ നീ വന്നാലും."

**(മറെറാന്നു്)**

നിന്നുടെ മനോഹര രൂപവും ധ്യാനിച്ചു ഞാൻ
നിന്നുടെ മധുരമാം നാമം ചൊല്ലി,
കണ്ണുനീർക്കണങ്ങളാൽ നിർമ്മല സുമങ്ങളാ-
ലെന്നൊന്നും നിനക്കായ് പൂജചെയ്യും

കൊന്നിട്ടും വിരഹാഗ്നിമദ്ധ്യത്തിൽത്തപം ചെയ്യു-
മെന്നിൽ നീ കനിയുവാൻ മടിപ്പതെന്തേ?

ഇങ്ങനെ പല ചിത്രങ്ങളും ഇതിൽ കാണുന്നു. കവിതയുടെ പോക്കും, അതിന്റെ ലാക്കും എവിടേക്കായാലും പ്രതിപാദനരീതി നന്നായിരിക്കുന്നു. പ്രോത്സാഹനാർഹനായ കവിയാകയാൽ ഈ യുവകവിക്കു ഭാവി മംഗളങ്ങൾ പ്രാർത്ഥിക്കുന്നു.

## സ്ക്കൂൾമാസ്റ്റർ

പ്രസാധകൻ:— (മാത്യു എം. കുഴിവേലി പാലാ.)

വിദ്യാഭ്യാസപരമായ വിഷയങ്ങളെ പ്രതിപാദിക്കുന്നതിനുദ്ദേശിച്ചിട്ടുള്ള ഒരു മാസികയാണ് സ്കൂൾമാസ്റ്റർ. ഈ പ്രഥമലക്കത്തിൽ തന്നെ വിദ്യാലയങ്ങളിലേക്കു പററിയ പല ലേഖനങ്ങൾക്കു പുറമെ, കുറിപ്പുകൾ, വിനോദം, സ്കൗട്ടിംഗ്, പരീക്ഷ, ഇങ്ങനെ പല പംക്തികളും കാണുന്നു ആകപ്പാടെ കണ്ടേടത്തോളം മാസികയുടെ പുറപ്പാടു തരക്കേടില്ല. ഒന്നുരണ്ടു ഇംഗ്ലീഷ് ലേഖനങ്ങൾ കൂടി കാണുന്നുണ്ടു്. ഒരു നല്ല പരിശ്രമിയായ പ്രസാധകൻ മി: മാത്യുവിനു സർവ്വവിജയങ്ങളും സിദ്ധിക്കട്ടെ.

## അഹല്യാഭായി

(ഗ്രന്ഥകർത്താ:— വിദ്വാൻ വി. എൻ. കെ. പണിക്കർ, വേഴപ്ര.)

"അഹല്യാഭായി എന്ന ഈ പുസ്തകം മഹാരാഷ്ട്രദേശത്തിൽ ചേർന്ന ഇൻഡോർ എന്ന പേരിൽ അറിയപ്പെടുന്ന നാട്ടുരാജ്യത്തിൽ പതിനെട്ടാംശതവർഷത്തിന്റെ ആദിമഘട്ടത്തിൽ ഏററവും പ്രശസ്തമായ രീതിയിൽ പ്രജാരക്ഷൈകനിരതയായി രാജ്യഭരണം നടത്തിയ ഒരു വീരമഹിളയുടെ ജീവചരിത്രമാണ്." എന്നാണ് പ്രഫ്സർ വി. കെ. അയ്യപ്പൻപിള്ള അവർകൾ ഈ പുസ്തകത്തെ അവതരിപ്പിക്കുന്നതു്.

മഹാകവി വള്ളത്തോളിന്റെ "ഒഴുക്കിൽപെട്ട കവിതമൂലം" ഭാഷാഭിമാനികളായ മലയാളികൾക്കു് അഹല്യാഭായി പരിചിതയാണ്. സാഹിത്യവിഷയമായ മെച്ചമൊന്നും ഗ്രന്ഥകാരൻ അവകാശപ്പെടുന്നുമില്ല. "പല നല്ല ഗുണങ്ങളുടേയും വിളനിലമായി പ്രശോഭിക്കുന്ന ഈ വീര

വനിതയുടെ ജീവചരിത്രം ബാലികാബാലന്മാൎക്ക് ഒരു നല്ല പാരായണഗ്ര ന്ഥമായി തീരുമെന്നുദ്ദേശിച്ചാണ്” ഗ്രന്ഥകൎത്താവ് ഈ ഗ്രന്ഥനിൎമ്മിതി യിൽ ഉദ്യുക്തനായതു്. അദ്ദേഹത്തിൻെറ ആ ശ്രമം ഏറെക്കുറെ ഫലിച്ചു കാണുന്നതിൽ ചാരിതാൎത്ഥ്യത്തിനു വകയുണ്ടു്. ചെറിയ കുട്ടികൾക്കു ഗ്രാ ഹ്യമാകുന്ന വിധത്തിലാണ് ഗ്രന്ഥരചന.

കേവലം ഒരു സാധാരണൻെറ പുത്രിയായി ജനിച്ചു് തൻെറ സ്വ ഭാവവൈശിഷ്ട്യംകൊണ്ടു് ഏററവും ഉന്നതമായ ഒരു സ്ഥാനത്തെ പ്രാപി ച്ച ഒരു മഹിളയാണ് അഹല്യാഭായി.

“നിരപരാധൻ” “രാജ്യകാൎയ്യവശനായി” എന്നിങ്ങനെയുള്ള പ്ര യോഗങ്ങൾ വിദ്വാന്മാർ അധികം പ്രയോഗിച്ചുകണ്ടിട്ടില്ല.” “ആഹാരം ചെയ്യു”ന്നതിലും സുഖം “കഴിക്കു”ന്നതിനാണ്. കലാകാലത്തിൽ “കടം വീട്ടാതിരുന്ന”തിൽ ഗ്രന്ഥകൎത്താവിനാണ് പിശക്. 48 പേജുള്ള ഈ പുസ്തകത്തിനു 4 അണ വില അല്പം കൂടുതലാണ്.

# പുസ്തകാഭിപ്രായം

## കേരളവൎമ്മദേവൻ.

(ഗ്രന്ഥകൎത്താ:— എം. ആർ. ബാലകൃഷ്ണവാൎയ്യർ എം. എ.)

ഭാരതീയമഹാന്മാരുടെ കൂട്ടത്തിൽ ഗണ്യമായ ഒരു സ്ഥാന ത്തിന്ന് എല്ലാംകൊണ്ടും അൎഹനായ വലിയകോയിത്തമ്പുരാൻ തിരുമന സ്സിലെ ശരിയായ ജീവചരിത്രം അവിടത്തെ അന്തേവാസികളിൽ ആ രുംതന്നെ ഇതേവരെ പ്രസിദ്ധപ്പെടുത്തിക്കാണാത്തതിൽ ഞങ്ങൾക്ക് വലിയ അത്ഭുതമാണുണ്ടായതു്. ജീവചരിത്രഗ്രന്ഥങ്ങൾതന്നെ മലയാള ത്തിൽ വളരെ കുറവാണ്. ഉള്ളവതന്നെ ആ പേരിനെ അൎഹിക്കുന്നു ണ്ടോ എന്നു സംശയമാണ്. ഈ ജാതിയിൽപെട്ട മിക്കഗ്രന്ഥങ്ങളും ഒരേ അച്ചിലിട്ടു വാൎത്തതുപോലെയാണു കണ്ടിട്ടുള്ളതു്. കഥാനായകന്മാരെ അ മാനുഷന്മാരാക്കിത്തീൎക്കുവാനുള്ള വാസനയാണ് മിക്ക ഗ്രന്ഥകാരന്മാരിലും ക ണ്ടുവരുന്നതു്. വെളിച്ചവും നിഴലുംകൂടാതെ ഒരു ഛായാപടമുണ്ടാകുന്നത ല്ലല്ലോ. അതിനാൽ ദോഷാംശങ്ങളെയെല്ലാം മറച്ചുവച്ചു് ഗുണഭാഗങ്ങ

ളെ അതിശയോക്തിയോടുകൂടി വർണ്ണിക്കുന്നതുകൊണ്ടു് ഗ്രന്ഥത്തിന്നു് മാഹാത്മ്യമുണ്ടാവാനൊന്നും വഴിയില്ല. ഈ തത്വം വാരിയരവർകൾ ഗ്രഹിച്ചിട്ടുള്ളതായി കാണുന്നതിൽ സന്തോഷിക്കുന്നു. കഥാനായകന്നു് പ്രശംസനീയങ്ങളായ അനേകം ഗുണഗണങ്ങളുണ്ടു്. പക്ഷെ അവിടുന്നു് ഒരവതാരപുരുഷനല്ലാത്തതിനാൽ മനുഷ്യസഹജങ്ങളായ ചില ദോഷങ്ങളും അവിടെ കണ്ടായിരുന്നു. ആവക ദോഷങ്ങൾ ഗ്രന്ഥകാരൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതു് അവിടത്തെ മഹത്വത്തിന്നു പ്രകാശം വർദ്ധിപ്പിക്കുന്നതേയുള്ളൂ. ദേശഭക്തി, ദയ, ദാക്ഷിണ്യം, ആശ്രിതവാത്സല്യം, കൃത്യനിഷ്ഠ, പരിശ്രമശീലം, പരോപകാരതല്പരത, സ്വഭാഷാസ്നേഹം, സാഹിത്യപോഷണതല്പരത എന്നിവ അവിടെയ്ക്കുള്ള വിശിഷ്ടഗുണങ്ങളായിരുന്നു. ഈവക ഗുണങ്ങളെ പ്രത്യക്ഷപ്പെടുത്തുന്ന പല സംഗതികളും ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു്. മലയാളം' സംസ്കൃതം, ഇംഗ്ലീഷ് എന്നീ മൂന്നു ഭാഷകളിലും അഗാധമായ പാണ്ഡിത്യവും സാഹിത്യത്തിലും സംഗീതത്തിലും ഒരുപോലെ പ്രാവീണ്യവും സിദ്ധിക്കുന്നതിനും ഭാഷയിലും സംസ്കൃതത്തിലും ഇത്ര അധികം വിശിഷ്ടകൃതികൾ നിർമ്മിക്കുന്നതിന്നും സംഗതിയാക്കിയതു് അവിടത്തെ കൃത്യനിഷ്ഠയും പരിശ്രമശീലവുമാകുന്നു. അവിടത്തെ ആശ്രിതവാത്സല്യം കരകവിഞ്ഞു് ചിലപ്പോൾ ദാസദാസ്യമായിപ്പോയില്ലയോ എന്നു ശങ്കതോന്നാമെന്നു് ആമുഖോപന്യാസത്തിൽ പറഞ്ഞിട്ടുള്ളതു് അടിസ്ഥാനരഹിതമല്ല. അവിടത്തെ അടുക്കൽ ധനസഹായം അഭ്യർത്ഥിച്ചവർ ഒരിക്കലും നിരാശപ്പെട്ടതായി കേട്ടിട്ടില്ല. കവികളേയും ഗ്രന്ഥകാരന്മാരേയും പ്രോത്സാഹിപ്പിക്കുന്നതിൽ അവിടെക്കുള്ള താല്പര്യം പ്രസിദ്ധമായിട്ടുള്ളതാണല്ലൊ.

എന്നാൽ തൻെറയോ തൻെറ അഭിനന്ദനത്തിന്നു പാത്രമായവരുടേയോ കൃതികളെപ്പററി ദൂഷ്യംപറയുന്നവരുടെ പേരിൽ അവിടേയ്ക്കു് അശേഷം ദയയില്ല. തൻെറ അഭിജ്ഞാനശാകുന്തളം ആര്യസിദ്ധാന്തദീപിക ആക്ഷേപിച്ചതിനെക്കുറിച്ചു് അവിടുന്നു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "മനോരമയുടെ നേർക്കുള്ള അസഹ്യമായ പാരുഷ്യത്തിൽ ദീപിക പഴേശാകുന്തളത്തെ അതിരുകവിഞ്ഞു ആക്ഷേപിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ മൂപ്പതുകൊല്ലത്തിനിടയ്ക്കു് ആരും കാണാത്ത പല ദോഷങ്ങളേയും ദീപിക എടുത്തു കാണിച്ചിരിക്കുന്നു. പഴേ ശാകുന്തളത്തിന്നു ലഭിച്ചിട്ടുള്ള സ്ഥിതിയേയോ ഗൌരവത്തേയോ പ്രതിഷ്ഠയേയോ ദീപികയ്ക്കു സഹിക്കാൻ വയ്യാതെ എന്തെല്ലാമോ ജല്പിച്ചിട്ടുണ്ടു്........" അതുപോലെ അമരുശതകത്തിൽ ചില ദോഷങ്ങൾ ചൂണ്ടിക്കാണിച്ച കേരളപത്രികയെപ്പററി

അമരുകശതകത്തിൽ വൃത്തഭംഗം
കിമപികഥിച്ചതു പത്രികയ്ക്കു താനോ
മമത കരുതിയല്ല ചൊല്ലിടുന്നേൻ
സമരുകലന്നൊരു സജ്ജനംപ്രമാണം

ജോഷം വസിക്കാതതിലുള്ളതായ
ദോഷം തെളിഞ്ഞിങ്ങു പറഞ്ഞിതെന്നാൽ
തോഷംപരം; കിന്തുവൃഥാപഴിച്ചാൽ
രോഷം ജനിക്കുന്നതു കുററമാണോ?

എന്നുംമററും നിർമ്മിച്ച പദ്യങ്ങളിൽനിന്നും പ്രസ്തുത സംഗതി വെളിവാകുന്നുണ്ട്. കഥാനായകനുണ്ടായിരുന്ന മററു ചില ദോഷങ്ങൾ അദ്ദേഹത്തിൻെറ പ്രതീകാരബുദ്ധിയും ദുർവ്വാശിയും ആകുന്നു. പരമകാരുണികനായ ആയില്യംതിരുനാൾ കേരളവർമ്മദേവനെ ബന്ധനസ്ഥനാക്കി ഹരിപ്പാട്ടേക്കയച്ചതു് കേവലം ദ്വേഷബുദ്ധികൊണ്ടായിരുന്നില്ല. തിരുമനസ്സിലെ നീരസത്തിനു പാത്രമായ ദിവാൻ ശേഷയ്യാശാസ്ത്രികൾ ഭരണദൂഷ്യങ്ങളെ ചൂണ്ടിക്കാണിച്ചു് കഥാനായകൻ ഒരു കത്തയച്ചതാണു് മഹാരാജാവിനെ കോപപരവശനാക്കിത്തീർത്തതു്. ഈ പ്രവൃത്തി കോയിത്തമ്പുരാൻെറ ഉത്തമസുഹൃത്തായ വിശാഖംതിരുനാൾ തിരുമനസ്സിലേക്കുകൂടി അതൃപ്തി ജനിപ്പിച്ചുവെന്നാണു് കേട്ടിട്ടുള്ളതു്. ക്ഷമായാചനം ചെയ്യണമെന്നു കേരളവർമ്മദേവൻെറ ഗുരുജനങ്ങൾ ഉപദേശിച്ചിട്ടും അവിടുന്നു വഴിപ്പെടാഞ്ഞതുകൊണ്ടാണു് ഈ ശിക്ഷ അനുഭവിക്കേണ്ടിവന്നതു്. ബന്ധനകാലത്തു് സ്വഗുരുവായ ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ നിർബന്ധപ്രകാരം കഥനായകൻ 'ക്ഷമാപണസഹസ്രം' എന്ന കൃതി നിർമ്മിച്ചു് മഹാരാജാവിനയച്ചു. പക്ഷെ സ്വതേ കഠിനഹൃദയനല്ലാത്ത തിരുമനസ്സിലേക്കു് പ്രസ്തുത കാവ്യപാരായണം തൻെറ മനസ്സിളകുവാനും തന്മൂലം കേരളവർമ്മദേവനെ മുക്തനാക്കുവാനും ഇടയായെങ്കിലോ എന്നു തോന്നിയതിനാൽ അതുമുഴുവൻ വായിക്കാതെ ഗ്രന്ഥപ്പുരയിൽ സൂക്ഷിക്കാൻ അവിടുന്നു കല്പന കൊടുക്കുകയാണത്രെ ഉണ്ടായതു്. ഈ കാവ്യനിർമ്മാണം ഉദ്ദേശിച്ച ഫലം ജനിപ്പിക്കാത്തതുനിമിത്തമുണ്ടായ നൈരാശ്യത്താൽ വിരചിച്ച യമപ്രണാമശതകത്തിലാണു് അവിടുത്തെ പ്രതീകാരബുദ്ധി ഏററവും തെളിഞ്ഞുകാണുന്നതു്. ഇതിനുപുറമേ അവിടത്തെ വാത്സല്യഭാജനമായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ കവിതയെ നിഷ്കരുണം ആക്ഷേപിച്ചു് കേരളചിന്താമണിയിൽ എഴുതിയ മൂർക്കോത്തു കുമാരനു് അവിടുന്നു് ഇപ്രകാരം ഒരു കത്തു് എഴുതുകയുണ്ടായി. "മേലാൽ ഈ മാസിക ഇന്നത്തെ പത്രാധിപർ നടത്തുന്ന കാലത്തോളം ഇവിടെ

അയക്കാതിരപ്പാൻ അപേക്ഷിക്കുന്നു.” ദ്വിതീയാക്ഷരപ്രാസവഴക്കും ശാകുന്തളപരിഭാഷയും പ്രിയഭാഗിനേയനെക്കൂടി കുറേകാലത്തോളം അവിടത്തെ വിരോധിയാക്കിത്തീൎത്തു. ദോഷപ്രഖ്യാപനവൈമുഖ്യം അവിടയ്ക്കുള്ള ഒരു ദൂഷ്യമായി ഗണിക്കാമൊ എന്നു സംശയമാണ്. അയച്ചുകൊടുക്കുന്ന ഗ്രന്ഥങ്ങളെയെല്ലാം പരിശോധിച്ച് ഗ്രന്ഥകാരന്മാൎക്കു പ്രശംസാപത്രങ്ങൾ നൽകുകയല്ലാതെ ഒരു നിരൂപകന്റെ നിലയിൽ ഒരു കൃതിയേയും അവിടുന്നു വിമൎശിച്ചതായികണ്ടിട്ടില്ല. പ്രശംസാപത്രങ്ങളിൽ ദൂഷ്യങ്ങൾ തുറന്നു കാണിക്കാത്തതു് ഒരു കുററമാണെങ്കിൽ ഇതുവരെ ഉണ്ടായിട്ടുള്ള സകല സാഹിത്യകാരന്മാരും ഇക്കാര്യത്തിൽ തുല്യാപരാധികളാണെന്നുമാത്രമെ ഞങ്ങൾക്കു പറവാനുള്ളൂ. ഏതായാലും അവിടത്തെ പ്രോത്സാഹനംകൊണ്ടു് ഭാഷാസാഹിത്യത്തിന്നു് ദോഷത്തേക്കാൾ അധികം ഗുണമാണുണ്ടായിട്ടുള്ളതു് എന്ന ഗ്രന്ഥകാരന്റെ അഭിപ്രായത്തോടു് ഞങ്ങൾ പൂൎണ്ണമായി യോജിക്കുന്നുണ്ടു്.

ബുക്കുകമ്മിററിപ്രസിഡണ്ടു്, ഗ്രന്ഥശാലാസൂപ്രണ്ടു്, സൎവ്വകലാശാലാ സാമാജികൻ, ദ്രാവിഡഭാഷാബോൎഡിലെ അംഗം, ശ്രീമൂലം സംസ്കൃതപാഠശാലാദ്ധ്യക്ഷൻ, ഭാഷാപോഷണിസഭയുടെ നാഥൻ എന്നീ വിവിധനിലകളിൽ അവിടുന്നു ചെയ്തിട്ടുള്ള പ്രശസ്തകൃത്യങ്ങളും സംസ്കൃതത്തിലും ഭാഷയിലും അവിടുന്നു നിൎമ്മിച്ചിട്ടുള്ള കൃതികളുടെ എണ്ണവും വണ്ണവും ആലോചിച്ചാൽ അവിടത്തെ ഉത്സാഹശീലത്തേയും പാണ്ഡിത്യത്തിന്റെ ഗഹനതയേയും സ്വദേശസ്നേഹത്തേയുംപററി വിസ്മയിക്കാത്തവർ ആരും ഉണ്ടായിരിക്കയില്ല. ഈ മഹാപുരുഷന്റെ ജീവചരിത്രം അദ്ദേഹത്തിന്റേയും, കേരളപാണിനി, കെ. സി. കേശവപിള്ള മുതലായവരുടേയും ഡയറികൾ പരിശോധിച്ചുകിട്ടുവാൻ കഴിവുള്ളേടത്തോളം വിവരങ്ങൾ ചേൎത്തു് ഇത്രയും ഹൃദയാകൎഷകമായ വിധത്തിൽ എഴുതിത്തീൎത്ത ശ്രീമാൻ എം. ആർ. ബാലകൃഷ്ണ വാൎയ്യരെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാവുന്നതല്ല. അവിടത്തെ കൃതികളുടെ ശരിയായ നിരൂപണമില്ലാത്തതു് പുസ്തകത്തിന്നു് ഒരു കുറവാണെന്നു് എം. രാജരാജവൎമ്മത്തമ്പുരാൻ അവർകൾ അഭിപ്രായപ്പെടുന്നു. ഇപ്പോൾതന്നെ മുന്നൂറുപേജിലധികമുള്ള പ്രസ്തുത പുസ്തകത്തിൽ കേരളവൎമ്മദേവന്റെ കൃതികളെപ്പററി ദീൎഘമായി നിരൂപണം ചെയ്യുന്നതായാലത്തെ കഥ എന്തായിരിക്കും! വിശാഖവിജയം, ക്ഷമാപണസഹസ്രം എന്നീ രണ്ടു കാൎയ്യങ്ങൾതന്നെ പ്രത്യേകം ഓരോ അദ്ധ്യായത്തിനു വിഷയീഭവിക്കേണ്ടതാണെന്നാണു് ഉള്ളൂർ പരമേശ്വരയ്യരവർകൾ പറയുന്നതു്. അവിടത്തെ കൃതികളുടെ നിരൂപണങ്ങൾ പ്രത്യേക പുസ്തകമാക്കി പ്രസിദ്ധ

പ്പെടുത്തുന്നതായിരിക്കും അഭിലഷണീയമായിട്ടുള്ളതെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. സാമാന്യമായ ഒരുനിരൂപണം ആമുഖോപന്യാസത്തിൽ ചേർത്തിട്ടുള്ളതുകൊണ്ട് തൃപ്തിപ്പെടാവുന്നതാണ്. എന്നാൽ അവിടത്തെ പ്രധാനകൃതികളുടെയെങ്കിലും ഒരു പട്ടിക ചുരുങ്ങിയ വിവരണങ്ങളോടുകൂടി 'സാഹിത്യപരിശ്രമം' എന്ന അദ്ധ്യായത്തിൽ ചേർത്താൽ നന്നായിരിക്കുമെന്നുള്ള പക്ഷം ഞങ്ങൾക്കുണ്ട്. വിഷയവിഭജനകാര്യത്തിൽ ഗ്രന്ഥകാരൻ കുറേക്കൂടി ശ്രദ്ധ പതിപ്പിക്കേണ്ടതായിരുന്നു എന്നു ഞങ്ങൾക്കു തോന്നുന്നുണ്ട്. ഒരേ അദ്ധ്യായത്തിൽ പറയേണ്ട സംഗതികൾ പല അദ്ധ്യായങ്ങളിലായി വിവരിക്കാനും ആവർത്തനങ്ങളുണ്ടാകാനും ഇടയായതു് ഈ നിഷ്കർഷക്കുറവുകൊണ്ടായിരിക്കണം. ഇതിനു പുറമേ ഇതിലുദ്ധരിച്ചിരിക്കുന്നതു് അധികവും സംസ്കൃതപദ്യങ്ങളാണ്. ഓരോ പദ്യത്തിൻെറ അർത്ഥവും കൂടിക്കൊടുക്കുന്നതു് സംസ്കൃതാനഭിജ്ഞന്മാരായ വായനക്കാർക്ക് അധികം പ്രയോജനകരമായിരിക്കും. പുസ്തകത്തിൻെറ ഗുണഭാഗങ്ങൾ ആലോചിക്കുമ്പോൾ ഈവക ന്യൂനതകളെത്രയോ നിസ്സാരങ്ങളാകുന്നു. എം. രാജരാജവർമ്മത്തമ്പുരാൻ തിരുമനസ്സിലെ ആമുഖോപന്യാസവും ഉള്ളൂർ പരമേശ്വരയ്യരവർകളുടെ മുഖവുരയും സരസവും വിജ്ഞാനപ്രദവുമായിട്ടുണ്ട്. അവയിൽ പ്രതിപാദിച്ച സംഗതികളെ സംബന്ധിച്ചേടത്തോളം അധികമായ അഭിപ്രായവ്യത്യാസത്തിന്നു വഴിയില്ല. പക്ഷേ പരേതനായ സി. അച്യുതമേനോൻ അമരുകശതകത്തർജ്ജമയ്ക്ക് ആയിരം കുറവും കുററവും പറഞ്ഞിട്ടുണ്ടെന്നുള്ള ഉള്ളൂരിൻെറ പ്രസ്താവനയ്ക്കുള്ള അടിസ്ഥാനമെന്താണെന്നു മനസ്സിലായില്ല. പ്രസ്തുത കൃതിയെപ്പററി വിദ്യാവിനോദിയുടെ അഭിപ്രായം പ്രശംസാരൂപത്തിലാണെന്നാണ് ഞങ്ങളുടെ ഓർമ്മ. ഏതായാലും വലിയ ദൂഷ്യങ്ങളൊന്നും അതിന്നുള്ളതായി ആ മാസിക അഭിപ്രായപ്പെട്ടിട്ടില്ലെന്നു തീർച്ചതന്നെ. ഈ വിശിഷ്ടഗ്രന്ഥത്തിൻെറ ഓരോ പ്രതിയെങ്കിലും എല്ലാ പുസ്തകശാലകളിലുമുണ്ടായിരിക്കുകയും പാഠപുസ്തകക്കമ്മിററിക്കാരുടേയും സർവ്വകലാശാലക്കാരുടേയും ദൃഷ്ടി ഇതിൽ പതിയുകയും ചെയ്യുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

# ഉദ്ധാരണം

## പട്ടാളമുറയ്ക്ക്.

ജർമ്മനിയിൽ ഈയിടെ പട്ടാളഭ്രാന്തു് മുഴുത്തിരിക്കുകയാണു്. പള്ളിക്കൂടത്തിലെ കൊച്ചുകുട്ടികളെക്കൂടി അവർ വിടുന്നില്ല. കണക്കു പഠിപ്പിക്കുന്നതുകൂടി പട്ടാളമുറയിൽ ആണു്. ഈയിടെ അവിടെ പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു കണക്കുപാഠപുസ്തകത്തിൽനിന്നു ചില മാതൃകകളാണു് താഴെ ചേർക്കുന്നതു്.

(1) നമ്മുടെ വക ഒരു ബാംബിംഗ്‌വിമാനം പകൽസമയം മണിക്കൂറിൽ 240. കിലോമീററും രാത്രിസമയം മണിക്കൂറിൽ 240 കിലോമിററും വീതം വേഗത്തിൽ യാത്രചെയ്യുന്നു. എന്നാൽ താഴെപറയുന്ന സ്ഥലങ്ങളുടെ ഇടയ്ക്കുള്ള ദൂരം യാത്രചെയ്യുന്നതിനു് ആ വിമാനത്തിനു് എത്ര സമയംവീതം വേണ്ടിവരും. ബെർളിനും പ്രേഗ്ഗും, മൂണച്ചും—സ്റ്റ്റാസ്ബർഗ്ഗും, കൊളോനും മെററ്സും? (ഒരു കിലോമീററർ എന്നു പറയുന്നതു് 5/8 മൈലാണു്. ഈ സ്ഥലങ്ങൾ തമ്മിലുള്ള അകലവും വിദ്യാർത്ഥികൾക്കു് അറിയാമെന്നുള്ളതു് നിശ്ചയമാണു്. നമ്മുടെ നാട്ടിലെ സ്ഥിതി എന്താണു്. തിരുവിതാംകൂറിന്റെ തെക്കുവടക്കുള്ള നീളം ചോദിച്ചാൽ അറിയുന്നവർ എത്ര കാണും?)

(2) 46 വിമാനങ്ങളുള്ള ഒരു ബാംബിംഗ്ഗ്‌വിമാനസേന ഒരു പട്ടണത്തിൽ ബാംബിടുന്നു. ഓരോ വിമാനത്തിലും $1^1/_2$ കിലോവീതം ഭാരമുള്ള 500 ബാംബുകൾ ഉണ്ടു്. എന്നാൽ ആകെയുള്ള ബാംബുകളുടെ ഭാരമെത്ര? മൂന്നു ബാംബിൽ ഒന്നുവീതം ലക്ഷ്യത്തിൽ കൊള്ളുന്നുവെങ്കിൽ ആകെ എത്രയെണ്ണം ലക്ഷ്യവേധം ചെയ്യും. (ഒരു കിലോ=2·2 ഇംഗ്ലീഷ്‌പൌണ്ടു്.)

(3) ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ജർമ്മൻപക്ഷക്കാർക്കു് 10000000 പടയാളികളും ജർമ്മനിക്കു മാത്രമായി 13000000 പടയാളികളും ഉണ്ടായിരുന്നു. എതിർപക്ഷക്കാർക്കു് ആകെ 47000000 പടയാളികൾ ഉണ്ടായിരുന്നു. എന്നാൽ നമ്മുടെ ഭാഗത്തുള്ള പത്തു പടയാളികൾ ശത്രുപക്ഷത്തിലുള്ള എത്രപേരോടു് എതിരിട്ടിട്ടുണ്ടു്.

(4) കഴിഞ്ഞ ലോകമഹായുദ്ധം 1563 ദിവസം നീണ്ടുനിന്നു. എന്നാൽ ഓരോ ദിവസത്തിലും, ഓരോ മണിക്കൂറിലും, ഓരോ മിനിട്ടിലും എത്ര

ജർമ്മൻപടയാളികൾ വീതം പിതൃഭൂമിക്കുവേണ്ടി ജീവൻ ബലികഴിച്ചിട്ടുണ്ട്. (യുദ്ധത്തിൽ ആകെ മരിച്ചവരുടെ സംഖ്യ വിദ്യാർത്ഥികളെ നേരത്തേതന്നെ പഠിപ്പിച്ചിരിക്കുന്നു! പിതൃഭൂമി നമ്മുടെ മാതൃഭൂമിതന്നെ)

(5) ഫ്രൻസിലെ ജനസംഖ്യ 42000000 ആണ്. 1934-ൽ യുദ്ധസജ്ജീകരണത്തിനായി ഫ്രാൻസ് 10500000000 ഫ്രാങ്ക്സ് ചെലവാക്കി. ജർമ്മനിയിലെ ജനസംഖ്യ 66000030 ആണ്. നാം 650,000,000 മാക്ക്സ് വീതം സൈനികസജ്ജീകരണത്തിനു ചെലവഴിക്കുന്നു. എന്നാൽ ശരാശരി ആളൊന്നിക്കു് യുദ്ധച്ചെലവിനായി ഫ്രാൻസ് എന്തു ചെലവാക്കുന്നു. ജർമ്മനി എന്തു ചെലവാക്കുന്നു? (ഒരു ഫ്രാൻക് 9½ പെൻസ് ഒരു മാക്ക് ഏകദേശം 1 ഷില്ലിംഗ്.)

(6) 1935. മാച്ച് 16-ാനു- 2700 കിലോമീററർ നീളമുള്ള ഒരു അതിരു് കാക്കുന്നതിനു ജർമ്മനിക്ക് 100,000 പടയാളികളുണ്ട്. അത്രതന്നെ നീളമുള്ള ഒരതിർ രക്ഷിക്കുന്നതിനു ഫ്രാൻസിനു 600000 പടയാളികളുണ്ട്. എന്നാൽ ഒരു കിലോമീററർ നീളം അതിരു കാക്കുന്നതിനു ജർമ്മനിക്ക് എത്ര പടയാളികളുണ്ട്? ഫ്രാൻസിന് എത്ര പടയാളികളുണ്ട്? ഫ്രാൻസിനെപ്പോലെയാകുവാൻ ഇനി എത്ര പടയാളികൾ കൂടി ജർമ്മനിക്കു് ആവശ്യമുണ്ട്.? അതെ അതാണു ജർമ്മനിയുടെ ആവശ്യം!

അവിടത്തെ കഥയങ്ങനെ ജപ്പാനും ഈ വിഷയത്തിൽ ഒട്ടും പിന്നാക്കമെല്ല. അവിടെ കുറെക്കൂടെ കടന്നാണ്. കിടാങ്ങൾക്കു കളിക്കോപ്പുകൾ പോലും യുദ്ധസാമഗ്രികളാണ്. തുടച്ചയായി പെട്ടെന്നു വെടിതീരുന്ന ഒരു കളിത്തോക്കുകൾ ഇപ്പോൾ സർവ്വത്ര പ്രചാരത്തിലായിട്ടുണ്ട്. ആകാശയാനങ്ങളെ വെടിവയ്ക്കുന്ന തോക്കുകളുടെ മാതൃകകളും കുട്ടികൾക്കു വളരെ പ്രിയമായിതീർന്നിരിക്കുന്നു. സൈന്യങ്ങൾ വ്യൂഹം ചമച്ചു പരസ്പരം വെടിവച്ചു യുദ്ധം ചെയ്യുന്നതിന്റെ സജീവ മാതൃകകളാണ് കുട്ടികളുടെ കളിപ്പാട്ടങ്ങൾ. ട്രെഞ്ചുകളും മുള്ളുവേലികളും എല്ലാം ഉണ്ട്. സാക്ഷാൽ യുദ്ധത്തിന്റെ തനിച്ഛായതന്നെ. അതും പോരാ. ചതുരംഗം കുട്ടികൾക്കു വളരെ പത്ഥ്യമാണ്. ആന കുതിര തേരു കാലാൾ ഒന്നും ഇപ്പോൾ നടപ്പില്ലല്ലോ. അതിനു പകരം പടക്കപ്പൽ, ടാപ്പിഡോ, ഇതെല്ലാമാണ്. കാലെല്ലാം പഴയ ചതുരംഗത്തിന്റെപോലെ തന്നെ. ഇതിനും പുറമേ ടാങ്ക്, വിമാനം യന്ത്രത്തോക്കു മുതലായ പരിഷ്കൃതമായ എല്ലായുദ്ധസാമഗ്രികളും കുട്ടികൾ നല്ലപോലെ ഉപയോഗിക്കാൻ പഠിക്കുന്നുണ്ട്!